Edit with WPS Office

"EXPLORE THE LEGACY TO EXCEL..."
www.rrvgirls.com

## പ്രമേയം ഒന്ന്

## ഇഷ്ടികകൾ, കന്മണികൾ, അസ്ഥികൾ

### ഹാരപ്പൻ ജനതയുടെ ഉപജീവന മാർഗങ്ങൾ (Subsistence Strategies)

ഹാരപ്പൻ നഗരങ്ങളിൽ നിന്ന് വിവിധയിനം ധാന്യങ്ങളുടെ അവശിഷ്ടങ്ങൾ നമുക്ക് ലഭിച്ചിട്ടുണ്ട്. ഗോതമ്പ് ബാർലി തിന, നെല്ല് തുടങ്ങിയ ധാന്യങ്ങൾ അവർ ഉപയോഗിച്ചിരുന്നു.

കന്നുകാലികൾ, ചെമ്മരിയാട് എന്നിവയുടെ എല്ലുകളുടെ അവശിഷ്ടങ്ങൾ അവർ മൃഗങ്ങളെ വളർത്തിയിരുന്നുവെന്നും, കാട്ടുപന്നി, മാൻ തുടങ്ങിയവയുടെ അവശിഷ്ടങ്ങൾ അവർ വേട്ടയാടൽ നടത്തിയിരുന്നുവെന്നും സൂചിപ്പിക്കുന്നു.

അവർ കൃഷി നടത്തിയിരുന്നു എന്നതിന് ചരിത്രകാരന്മാർ ചൂണ്ടിക്കാണിക്കുന്ന പ്രധാന തെളിവുകൾ താഴെ പറയുന്നവയാണ്.

ബനവാലിയിൽ നിന്നും ചോലിസ്ഥാനിൽ നിന്നും ലഭിച്ച കലപ്പയുടെ കളിമൺ മാതൃകകൾ

രാജസ്ഥാനിലെ കാളീ ബംഗനിൽ കണ്ടെത്തിയ ഉഴുത വയലുകൾ

അഫ്ഗാനിസ്ഥാനിലെ ഷോർട്ടുഗായിൽ കണ്ടെത്തിയ കനാലുകൾ

ഗുജറാത്തിലെ ദോലാവീരയിൽ കണ്ടെത്തിയ ജലസംഭരണി

### മോഹൻ ജൊദാരോ: ഒരു ആസൂത്രിത നഗര കേന്ദ്രം

ഹാരപ്പൻ നഗരങ്ങളുടെ ഏറ്റവും പ്രധാന സവിശേഷത അവയെല്ലാം കൃത്യമായ ആസൂത്രണത്തോടെ നിർമ്മിക്കപ്പെട്ടവയാണ് എന്നതാണ്. മോഹൻ ജോദാരോയടക്കമുള്ള പ്രധാന നഗരങ്ങൾക്കെല്ലാം രണ്ട് ഭാഗങ്ങൾ ഉണ്ടായിരുന്നു.

1. കോട്ട (Citadel)

2. കീഴ്പട്ടണം (Lower Town)

നഗരത്തിലെ ഉയർന്ന ഭാഗം സിറ്റാഡൽ എന്നാണ് അറിയപ്പെട്ടിരുന്നത്. ചുറ്റുമതിലുകളാൽ സിറ്റാഡൽ സംരക്ഷിക്കപ്പെട്ടിരുന്നു. പൊതു പ്രാധാന്യമുള്ള കെട്ടിടങ്ങളാണ് പൊതുവേ സിറ്റാഡലിൽ കാണപ്പെടുന്നത്. കലവറ (ware house), വലിയ കുളിപ്പുര ( Great Bath) എന്നിവയാണ് സിറ്റാഡിലെ പ്രധാന കെട്ടിടങ്ങൾ. കലവറകളുടെ സാന്നിധ്യം മിച്ചോൽപ്പാദനത്തെയും അവയുടെ സംഭരണത്തേയും സൂചിപ്പിക്കുന്നു.

ദീർഘചതുരാകൃതിയിലുള്ള കുളമാണ് മോഹൻജദാരോയിലെ വലിയകുളം. കുളത്തിലേക്ക് ഇറങ്ങുന്നതിന് രണ്ടു വശങ്ങളിൽ പടവുകൾ ഉണ്ട്. ഇഷ്ടിക കൊണ്ട് നിർമ്മിച്ചിരിക്കുന്ന ഈ കുളത്തിന്റെ അടിത്തട്ടിലും ഇഷ്ടിക പാകിയിട്ടുണ്ട്, മാത്രമല്ല ജിപ്സം ഉപയോഗിച്ച് വെള്ളം ചോരാതെയാക്കിയിട്ടുണ്ട്. കുളത്തിലേക്കുള്ള വെള്ളം തൊട്ടടുത്ത കിണറിൽ നിന്നായിരുന്നു എടുത്തിരുന്നത്. കുളത്തിന്റെ മൂലയിൽ നിന്ന് അഴുക്കു ജലം ഓടയിലേക്ക് ഒഴുക്കുവാനുള്ള സംവിധാനവുമുണ്ടായിരുന്നു. വസ്ത്രം മാറുവാനുള്ള മുറികളും കുളത്തിനു സമീപത്തുണ്ടായിരുന്നു . മതപരമായ ചടങ്ങുകൾക്കായിരിക്കാം ഈ കുളം ഉപയോഗിച്ചിരുന്നതെന്നാണ് ചരിത്രകാരന്മാരുടെ അഭിപ്രായം.

കീഴ്പട്ടണത്തിലായിരുന്നു ജനവാസ മേഖലകൾ ഉണ്ടായിരുന്നത്. വലുതും ചെറുതുമായ നിരവധി വീടുകൾ അവിടെ ഉണ്ടായിരുന്നു. മിക്കവാറും വീടുകൾക്കും നടുമുറ്റവും അതിനു ചുറ്റും മുറികളുമുണ്ടായിരുന്നു. ഗോവണികളുടെ അവശിഷ്ടങ്ങൾ അവിടെ ഇരുനില വീടുകൾ ഉണ്ടായിരുന്നുവെന്ന സൂചന നൽകുന്നു. മിക്കവാറും എല്ലാ വീടുകൾക്കും സ്വന്തമായ് കിണറുകളും കുളിമുറികളുമുണ്ടായിരുന്നു. 700 ലേറെ കിണറുകൾ മോഹന് ജോദാരോയിൽ നിന്ന് ഉൽഘനനത്തിലൂടെ കണ്ടെടുക്കപ്പെട്ടിട്ടുണ്ട്.

ഹാരപ്പൻ നഗരങ്ങളുടെ ഏറ്റവും പ്രധാന സവിശേഷതയാണ് അഴുക്കുചാൽ സംവിധാനം. വീടുകളിലെ മലിനജലം അഴുക്കുചാൽ വഴി തെരുവുകളിലെ അഴുക്കുചാലിലേക്ക് ഒഴുക്കിയിരുന്നു. അഴുക്കുചാലുകൾ സ്ലാബുകൾ ഉപയോഗിച്ച് മൂടിയിരുന്നു. കൃത്യമായ ഇടവേളകളിൽ അഴുക്കുചാലുകൾ വൃത്തിയാക്കിയിരുന്നു. ഹാരപ്പൻ ജനതയുടെ

Edit with WPS Office

എഞ്ചിനീയറിങ്ങ് വൈദഗ്ദ്യത്തിന്റെ പ്രധാന തെളിവായ് അഴുക്കുചാലുകളെ കാണാവുന്നതാണ്.

സാമൂഹ്യ വ്യത്യാസങ്ങൾ കണ്ടെത്തൽ (Tracking Social Differences)

ഹാരപ്പൻ സമൂഹത്തിൽ സാമൂഹികവും സാമ്പത്തികവുമായ വ്യത്യാസങ്ങൾ ഉണ്ടായിരുന്നു. പുരാവസ്തുപരമായ പഠനം അതിലേക്ക് വെളിച്ചം വീശുന്നുണ്ട്. അവരുടെ ശവസംസ്കാര രീതികൾ പഠനവിധേയമാക്കിയ പുരാവസ്തു ഗവേഷകർ അഭിപ്രായപ്പെടുന്നത് അവിടെ സാമൂഹ്യ വ്യത്യാസങ്ങൾ ഉണ്ടായിരുന്നു എന്നാണ്.

സാമൂഹിക വ്യത്യാസം മനസ്സിലാക്കാനുള്ള മറ്റൊരു പ്രധാന മാർഗമാണ് അവർ നിർമ്മിച്ചിരുന്ന വസ്തുക്കളെ പഠനവിധേയമാക്കുക എന്നത്. ഈ വസ്തുക്കളെ അവർ രണ്ടായി തരംതിരിച്ചിരിക്കുന്നു. പ്രയോജനകരമായ വസ്തുക്കൾ, ആഡംബര വസ്തുക്കൾ എന്നിവയാണവ. പ്രയോജനകരമായ വസ്തുക്കൾ നിത്യോപയോഗ സാധനങ്ങളാണ് ആണ്. വിലപിടിപ്പുള്ളതും, പ്രാദേശികമായി ലഭ്യമല്ലാത്തതുമായ വസ്തുക്കളാണ് ആഡംബര വസ്തുക്കൾ.

കരകൗശലവും സാങ്കേതികവിദ്യയും (Crafts and Technology)

വിവിധ ഹാരപ്പൻ നഗരങ്ങളിൽ നിന്ന് കണ്ടെത്തപ്പെട്ട, വിവിധതരം നിർമ്മിത വസ്തുക്കൾ, കരകൗശല മേഖലയിൽ അവർ കൈവരിച്ച നേട്ടങ്ങൾ വ്യക്തമാക്കുന്നു. കരകൗശല ഉൽപാദന കേന്ദ്രങ്ങളിൽ ഏറ്റവും പ്രമുഖം ചാൻഹുദാ രോ ആയിരുന്നു

കണ്മണി മാലകളുടെ (beads) നിർമ്മാണത്തിൽ ഹാരപ്പൻ ജനത വിദഗ്ധരായിരുന്നു. മാണിക്യം, സൂര്യകാന്തം, സ്ഫടികം തുടങ്ങിയവ ഉപയോഗിച്ച് അവർ ശാലകൾ നിർമ്മിച്ചിരുന്നു.

തീരപ്രദേശത്ത് സ്ഥിതി ചെയ്യുന്ന നാഗേശ്വർ ബാലക്കോട്ട് എന്നീ നഗരങ്ങൾ കക്കകൾ കൊണ്ട് ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന കാര്യത്തിൽ വിദഗ്ധരായിരുന്നു. ഇവിടെ നിർമ്മിക്കപ്പെട്ട വസ്തുക്കൾ മറ്റിടങ്ങളിലേക്ക് കയറ്റുമതി ചെയ്തിരുന്നു.

ഉൽപാദന കേന്ദ്രങ്ങളെ തിരിച്ചറിയൽ (Identifying Centres of Production)

കരകൗശല വസ്തുക്കളുടെ ഉൽപ്പാദന കേന്ദ്രങ്ങളെ തിരിച്ചറിയാൻ പുരാവസ്തു ഗവേഷകരെ സഹായിക്കുന്ന പ്രധാന തെളിവുകൾ താഴെ പറയുന്നവയാണ്.

1. അസംസ്കൃത വസ്തുക്കളുടെ സാന്നിധ്യം

2. നിർമ്മാണ ഉപകരണങ്ങൾ

3. നിർമ്മാണം പൂർത്തിയാക്കാത്ത വസ്തുക്കൾ.

4. പാഴ് വസ്തുക്കൾ.

അസംസ്കൃതവസ്തുക്കൾ ലഭിച്ച കേന്ദ്രങ്ങൾ (Centres of Raw Materials)

1. നാഗേശ്വറിൽ നിന്നും ബാലക്കോട്ടിൽ നിന്നും കക്കകൾ

2. രാജസ്ഥാനിൽ നിന്ന് സ്റ്റീറ്റൈറ്റ്.

3. അഫ്ഗാനിസ്ഥാനിലെ ഷോർട്ടുഗായിൽ നിന്ന് ലാപ്പിസ് ലാസുലി.

4. രാജസ്ഥാനിലെ ഖേത്രിയിൽ നിന്ന് ചെമ്പ്.

5. ദക്ഷിണേന്ത്യയിൽ നിന്ന് സ്വർണ്ണം.

EXPLORE THE LEGACY TO EXCEL
www.rrvgirls.com

വിദേശ രാജ്യങ്ങളുമായുള്ള ബന്ധം (Contact with distant lands)

ഒമാൻ, മെസപ്പൊട്ടേമിയ തുടങ്ങിയ വിദേശ രാജ്യങ്ങളുമായി ഹാരപ്പൻ ജനതയ്ക്ക് കച്ചവട ബന്ധമുണ്ടായിരുന്നു.

Edit with WPS Office

അതിലേക്ക് വെളിച്ചംവീശുന്ന പ്രധാന പുരാവസ്തു തെളിവുകൾ താഴെ പറയുന്നവയാണ്.

1. ഹാരപ്പയിൽ നിന്ന് ലഭിച്ച ചെമ്പിൽ നിക്കലിന്റെ അംശം കൂടുതലായിരുന്നു ഇത്തരം ചെമ്പ് സുലഭമായി ലഭിച്ചിരുന്നത് ഒമാനിൽ ആയിരുന്നു.

2. ഒമാനിൽ നിന്ന് പുരാവസ്തു ഗവേഷകർ കണ്ടെത്തിയ ഹാരപ്പൻ ഭരണി.

3. മെസപ്പൊട്ടേമിയൻ ഗ്രന്ഥങ്ങൾ ദിൽമൻ, മഗാൻ, മെലൂഹ എന്നീ പ്രദേശങ്ങളുമായുള്ള ബന്ധത്തെക്കുറിച്ച് സൂചനകൾ നൽകുന്നുണ്ട്. ദിൽമൻ ബഹറിനും, മഗാൻ ഒമാനും, മെലൂഹ ഹാരപ്പയുമാണെന്നാണ് ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നത്.

4. ഹാരപ്പൻ മുദ്രകളിലുള്ള ബോട്ടുകളടെയും കപ്പലുകളുടെയും രൂപങ്ങൾ.

<u>സൈന്ധവ മുദ്രകൾ **( Indus Seals)**</u>

ഹാരപ്പൻ നഗരങ്ങളിൽ നിന്ന് നൂറുകണക്കിന് മുദ്രകൾ ലഭിച്ചിട്ടുണ്ട്. സ്റ്റീറ്റൈറ്റ് എന്ന ഒരിനം കല്ലു കൊണ്ടായിരുന്നു മുദ്രകൾ നിർമ്മിച്ചിരുന്നത്. ഹാരപ്പൻ മുദ്രകളിൽ ചിത്രങ്ങളും, അക്ഷരങ്ങളും ആലേഖനം ചെയ്യപ്പെട്ടിട്ടുണ്ട്. ഹാരപ്പൻ ജനതയുടെ കൃഷി, കാലി വളർത്തൽ, വസ്ത്രധാരണം, മതവിശ്വാസം, വിദേശ വാണിജ്യം മുതലായ ഒട്ടനവധി കാര്യങ്ങൾ മനസ്സിലാക്കുവാൻ ഇത്തരം മുദ്രകൾ നമ്മെ സഹായിക്കുന്നു.

ഒരു സ്ഥലത്തു നിന്ന് മറ്റൊരിടത്തേക്ക് സാധനങ്ങൾ അയക്കുമ്പോൾ ആയിരുന്നു അവർ മുദ്രകൾ ഉപയോഗിച്ചിരുന്നത്. ആരാണ് സാധനങ്ങൾ അയച്ചത് എന്ന് തിരിച്ചറിയാൻ ഇത്തരം മുദ്രകൾ സഹായകരമായിരുന്നു.

<u>സൈന്ധവ ലിപി **(Indus Script)**</u>

ഹാരപ്പൻ ജനതയ്ക്ക് എഴുത്ത് വിദ്യ അറിയാമായിരുന്നു. ഹാരപ്പൻ ലിപിയെ കുറിച്ച് നമുക്ക് അറിവ് ലഭിക്കുന്നത് മുഖ്യമായും അവരുടെ മുദ്രകളിൽ നിന്നാണ്. ഹാരപ്പൻ മുദ്രകളിൽ സാധാരണയായി ഒറ്റ വരി എഴുത്താണുള്ളത്. അത് ഉടമസ്ഥന്റെ പേരോ സ്ഥാനപ്പേരോ ആയിരിക്കാം. മിക്ക ലിഖിതങ്ങളും വളരെ ചെറുതാണ് നീണ്ട ലിഖിതങ്ങൾ അപൂർവ്വമായിരുന്നു. ഏറ്റവും നീണ്ട ലിഖിതത്തിൽ 26 ചിഹ്നങ്ങൾ മാത്രമേ അടങ്ങിയിട്ടുള്ളൂ. ഹാരപ്പൻ ലിപി അക്ഷരമാലാക്രമത്തിൽ ഉള്ളവയല്ല. അതിൽ ധാരാളം ചിഹ്നങ്ങൾ ഉണ്ട്. 375 നും 400 നും ഇടയ്ക്ക് ചിഹ്നങ്ങൾ ഉണ്ടെന്ന് കരുതപ്പെടുന്നു. ഹാരപ്പൻ ലിപി ഒരു 'ചിത്ര ലിപി' ആണെന്നാണ് പൊതുവെയുള്ള അഭിപ്രായം. ഹാരപ്പൻ ലിപി വലത്തു നിന്ന് ഇടത്തോട്ടാണ് എഴുതിയിരിക്കുന്നത്. ചെമ്പു കൊണ്ടുള്ള ഉപകരണങ്ങൾ, ഭരണിയുടെ വക്ക്, ചെമ്പിലും കളിമണ്ണിലുമുള്ള ഫലകങ്ങൾ, ആഭരണങ്ങൾ, അസ്ഥി ദണ്ഡുകൾ എന്നിവയിലെല്ലാം ഈ ലിപി കാണപ്പെടുന്നുണ്ട്.

<u>തൂക്കങ്ങൾ **(Weights)**</u>

അളവുതൂക്ക ഉപകരണങ്ങൾ ഹാരപ്പൻ ജനത ഉപയോഗിച്ചിരുന്നു. 'ചെർട്ട് ' എന്നറിയപ്പെടുന്ന കല്ലുകൾ കൊണ്ടാണ് അവർ തൂക്കക്കട്ടി കൾ നിർമ്മിച്ചിരുന്നത്. തൂക്ക കുട്ടികൾക്ക് ക്യൂബിന്റെ ആകൃതിയായിരുന്നു. തൂക്കത്തിനുപയോഗിച്ച കട്ടികളിൽ ചെറിയവ രണ്ടിന്റെ ഗുണിതങ്ങളാണ് (binary) എന്നാൽ വലിയവ ദശാംശത്തിലു ഉള്ളവയാണ് (decimel)

<u>ഹാരപ്പൻ സംസ്കാരത്തിന്റെ അന്ത്യം **(The End of The Harappan Civilization)**</u>

ബി.സി.ഇ 1800 ഓടെ ഹാരപ്പൻ സംസ്കാരം തകരാൻ തുടങ്ങി. വിവിധ ചരിത്രകാരന്മാർ വിവിധ വാദമുഖങ്ങൾ ആണ് മുന്നോട്ടുവയ്ക്കുന്നത്.

വന നശീകരണം

കാലാവസ്ഥാമാറ്റം

അമിതമായ പ്രളയങ്ങൾ

നദിയുടെ ഗതിയിൽ ഉണ്ടായ മാറ്റങ്ങൾ

Edit with WPS Office

www.rrvgirls.com

നദികൾ വറ്റിവരണ്ടത്

പ്രകൃതിവിഭവങ്ങളുടെ അമിതമായ ചൂഷണം

ആര്യൻ ആക്രമണം മുതലായവ.

ആര്യൻ ആക്രമണവും ഹാരപ്പൻ നാഗരികതയുടെ അന്ത്യവും

മോർട്ടിമർ വീലറുടെ അഭിപ്രായത്തിൽ ഹാരപ്പൻ സംസ്കാരം തകരാൻ കാരണം ആര്യൻ ആക്രമണം ആണ്. ഈ വാദഗതി ഉന്നയിക്കാൻ മോർട്ടി മർ വീലർ ചൂണ്ടിക്കാട്ടുന്ന പ്രധാന തെളിവ് മോഹൻ ജോദാരോയിൽ നിന്ന് ലഭിച്ച അസ്ഥികൂടങ്ങളാണ്. പുരന്തരൻ അഥവാ കോട്ടകൾ തകർക്കുന്നവൻ എന്നാണ് ഋഗ്വേദത്തിൽ ഇന്ദ്രനെ വിശേഷിപ്പിക്കുന്നത്. ഈ വിശേഷണവും ആര്യന്മാർ ഹാരപ്പൻ സംസ്കാരത്തെ തകർത്തു എന്ന സൂചന നൽകുന്നുണ്ട്.

പ്രമേയം രണ്ട്

രാജാക്കൻമാർ, കർഷകർ, നഗരങ്ങൾ

മഗധ: പതിനാറ് മഹാജനപദങ്ങളിൽ ഒന്നാമൻ

പതിനാറ് മഹാജനപദങ്ങളിൽ ഒന്നാമനായി മഗധ ഉയർന്നുവന്നു. മഗധയുടെ വളർച്ചയ്ക്കു വഴിയൊരുക്കിയ പ്രധാന ഘടകങ്ങൾ താഴെ പറയുന്നവയാണ്.

1. മഗധയിലെ ഭൂമി ഫലഭൂയിഷ്ടമായിരുന്നു. അത് കാർഷിക മേഖലയുടെ വളർച്ചയെ സഹായിച്ചു.

2. ഉന്നത ഗുണനിലവാരമുള്ള ഇരുമ്പിനെ ലഭ്യത. മികച്ച ആയുധങ്ങളും കാർഷികോപകരണങ്ങളും നിർമ്മിക്കാൻ ഇത് അവരെ പ്രാപ്തരാക്കി.

3. ഗംഗയും അതിന്റെ പോഷക നദികളും കുറഞ്ഞ ചെലവിലുള്ള ഗതാഗത, വാർത്താവിനിമയ സൗകര്യം പ്രദാനം ചെയ്തു.

4. മഗധയുടെ ആദ്യ തലസ്ഥാനമായിരുന്ന രാജ ഗൃഹവും പിന്നത്തെ തലസ്ഥാനമായ പാടലിപുത്രയും തന്ത്രപ്രധാനമായ സ്ഥലങ്ങളിലാണ് സ്ഥിതിചെയ്തിരുന്നത്.

5. അക്കാലത്തെ സൈന്യത്തിന്റെ ഒരു പ്രധാന ഘടകമായിരുന്നു ആനപ്പട. ആനകൾ അവിടുത്തെ വനങ്ങളിൽ സുലഭമായിരുന്നു.

6. ബിംബി സാരൻ, അജാത ശത്രു, മഹാ പത്മനന്ദൻ തുടങ്ങിയ പ്രമുഖ ഭരണാധികാരികൾ സ്വീകരിച്ച നയങ്ങൾ

മൗര്യ സാമ്രാജ്യം : ഒരു ആദ്യകാല സാമ്രാജ്യം

പതിനാറ് മഹാജനപദങ്ങളിൽ ഏറ്റവും പ്രബല ജനപദമായിരുന്ന മഗധ പിൽകാലത്ത് ഒരു സാമ്രാജ്യമായി വികസിച്ചു. മഗധയിലെ നന്ദ ഭരണാധികാരിയായിരുന്ന ധനനന്ദനെ പരാജയപ്പെടുത്തി ബി.സി 321 ൽ ചന്ദ്രഗുപ്തമൗര്യനാണ് മൗര്യ സാമ്രാജ്യം സ്ഥാപിച്ചത്. തൻറെ അധികാരം അഫ്ഗാനിസ്ഥാനിലേക്കും ബലൂചിസ്ഥാനി ലേക്കും വ്യാപിപ്പിച്ചു കൊണ്ട് വിപുലമായ ഒരു സാമ്രാജ്യം സ്ഥാപിക്കാൻ ചന്ദ്രഗുപ്തമൗര്യൻ ശ്രമിച്ചു. പാടലിപുത്ര മായിരുന്നു മൗര്യ സാമ്രാജ്യത്തിന്റെ തലസ്ഥാനം (ഇന്നത്തെ ബീഹാറിലെ പാറ്റ്ന). ചന്ദ്രഗുപ്തമൗര്യനെ തുടർന്ന് ബിന്ദുസാരനും അദ്ദേഹത്തെ തുടർന്ന് അശോകനും ഭരണാധികാരികളായി. ഈ രാജവംശത്തിലെ ഏറ്റവും പ്രഗത്ഭനായ ഭരണാധികാരിയാണ് അശോകൻ. അദ്ദേഹം ബിസി 261 ൽ കലിംഗ കീഴടക്കി (ഇന്നത്തെ ഒറീസ)

മൗര്യ സാമ്രാജ്യ പുനർനിർമ്മിതിക്കുള്ള സ്രോതസ്സുകൾ

മൗര്യ സാമ്രാജ്യ ചരിത്ര പുനർനിർമ്മിതിക്ക് ചരിത്രകാരന്മാർ ഒട്ടനവധി സ്രോതസ്സുകൾ ഉപയോഗിക്കുന്നുണ്ട്. അവയിൽ പ്രധാനപ്പെട്ടവ താഴെ പറയുന്നവയാണ്

1. അശോക ശാസനങ്ങൾ: തന്റെ പ്രജകൾക്കും ഉദ്യോഗസ്ഥർക്കുമുള്ള സന്ദേശങ്ങൾ ശിലകളിലും തൂണുകളിലും കൊത്തിവച്ച ആദ്യ ഭരണാധികാരിയാണ് അശോകൻ. അശോക ശാസനങ്ങളെ Major rock edicts, minor rock edicts, pillar

Edit with WPS Office

edicts എന്നിങ്ങനെ മൂന്നായി തിരിക്കാവുന്നതാണ്.

2. കൗടില്യന്റെ അർത്ഥശാസ്ത്രം

3. മെഗസ്തനീസിന്റെ ഇൻഡിക്ക. (ചന്ദ്രഗുപ്തമൗര്യന്റെ കൊട്ടാരത്തിൽ താമസിച്ചിരുന്ന ഗ്രീക്ക് അംബാസിഡർ ആണ് മെഗസ്തനീസ്)

4.ജൈന,ബുദ്ധ, പുരാണ ഗ്രന്ഥങ്ങൾ

5.ശില്പങ്ങൾ

6.വിശാഖദത്തന്റെ മുദ്രരാക്ഷസം

<u>അശോക ധമ്മ</u>

രാജ്യത്ത് ഐക്യവും സൗഹൃദവും വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ അശോകൻ ആവിഷ്കരിച്ച നയമാണ് ധമ്മ. സംസ്കൃതഭാഷയിലെ ധർമ്മം എന്ന പദത്തിൻറെ പ്രാകൃത രൂപമാണ് ധമ്മ. ശിലാ ശാസനങ്ങളിലൂടെയാണ് അശോകൻ തന്റെ ദമ്മ നയം ജനങ്ങളിൽ എത്തിച്ചത്. ധമ്മ സന്ദേശങ്ങൾ പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ അശോകൻ ധർമ്മമഹാമാത്രന്മാർ എന്ന പ്രത്യേക ഉദ്യോഗസ്ഥന്മാരെ നിയമിച്ചിരുന്നു. ധമ്മ നയങ്ങളിൽ പ്രധാനപ്പെട്ടവ താഴെ പറയുന്നവയാണ്.

1. മുതിർന്നവരെ ബഹുമാനിക്കുക.

2. അഹിംസ

3. മതസഹിഷ്ണുത

4. സഹാനുഭൂതി

5. അടിമകളോടും പരിചാരകന്മാരോടും ദയാപൂർവം പെരുമാറുക

ധർമ്മ പ്രചാരങ്ങളിലൂടെ തന്റെ സാമ്രാജ്യത്തിന്റെ ഐക്യം നിലനിർത്താൻ അശോകൻ പരിശ്രമിച്ചു. ധമ്മ ഈ ലോകത്തിലെ ജനങ്ങളുടെയും വരാനിരിക്കുന്ന ജനങ്ങളുടെയും നന്മ ഉറപ്പുവരുത്തുമെന്ന് അശോകൻ വിശ്വസിച്ചു.

<u>മൗര്യൻ ഭരണ സംവിധാനം</u>

വളരെ വിശാലമായ ഒരു സാമ്രാജ്യമായിരുന്നു മൗര്യസാമ്രാജ്യം. അതുകൊണ്ടുതന്നെ വളരെ വിപുലമായ ഒരു ഭരണസമ്പ്രദായം അവർ ആവിഷ്കരിച്ചിരുന്നു. സാമ്രാജ്യത്തിന് അഞ്ച് പ്രധാന രാഷ്ട്രീയ കേന്ദ്രങ്ങൾ ഉണ്ടായിരുന്നു. തലസ്ഥാനനഗരമായ പാടലീപുത്ര, പ്രവിശ്യാ കേന്ദ്രങ്ങളായിരുന്ന തോശാലി, തക്ഷശില, ഉജ്ജയനി, സുവർണ്ണ ഗിരി എന്നിവയായിരുന്നു അവ. ദൂരദേശ വാണിജ്യ പാതകളിൽ ആയിരുന്നു തക്ഷശിലയും ഉജ്ജയനിയും സ്ഥിതിചെയ്തിരുന്നത്. കർണാടകയിലെ സ്വർണ്ണഖനന മേഖലയായിരുന്നു സുവർണ്ണ ഗിരി.

രാജ്യത്തിന്റെ നിലനിൽപ്പിന് കര നദീതട ഗതാഗത പാതകൾ അത്യന്താപേക്ഷിതമായിരുന്നു. കേന്ദ്രത്തിൽനിന്ന് പ്രവിശ്യകളിലേക്കുള്ള യാത്രകൾക്ക് ആഴ്ചകൾ എടുത്തിരുന്നു.

സൈനിക പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ആറ് ഉപസമിതികൾ അടങ്ങിയ ഒരു സമിതിയെ കുറിച്ച് മെഗസ്തനീസ് സൂചിപ്പിക്കുന്നുണ്ട്. അവയിൽ ഒന്നാമത്തേത് നാവികസേനയേയും രണ്ടാമത്തേത് ഗതാഗതം നിത്യോപയോഗ സാധനങ്ങൾ എന്നിവയേയും നോക്കി നടത്തി. മൂന്നാമത്തെതിന് കാലാൾപ്പടയുടെയും നാലാമത്തേതിന് കുതിരപ്പടയുടെയും അഞ്ചാമത്തെതിന് രഥ വിഭാഗത്തിന്റെയും ആറാമത്തെതിന് ആനപ്പടയുടെയും ഉത്തരവാദിത്വം നൽകപ്പെട്ടു. രണ്ടാം ഉപസമിതിയുടെ പ്രവർത്തനങ്ങൾ തികച്ചും വ്യത്യസ്തമായിരുന്നു. ഉപകരണങ്ങൾ കടത്തുന്നതിനായി കാളവണ്ടികൾ ഏർപ്പെടുത്തുക, സൈനികർക്കുള്ള ഭക്ഷണവും മൃഗങ്ങൾക്കു വേണ്ട കാലിത്തീറ്റയും സംഭരിക്കുക, സൈനികരെ പരിപാലിക്കുന്നതിനായി ജോലിക്കാരെയും തൊഴിലാളികളെയും തെരഞ്ഞെടുക്കുക എന്നിവയായിരുന്നു അവ.

അശോകൻ തന്റെ സാമ്രാജ്യത്തെ ഒന്നിപ്പിച്ചു നിർത്താൻ ധമ്മ പ്രചരിപ്പിച്ചു. ഇതിൻറെ തത്വങ്ങൾ നാം

Edit with WPS Office

നേരത്തെ കണ്ടതാണ്.

പത്തൊമ്പതാം നൂറ്റാണ്ടിൽ ഇന്ത്യൻ ചരിത്രകാരന്മാർ ആദ്യകാല ഇന്ത്യൻ ചരിത്രത്തെ പുനർ നിർമ്മിക്കാൻ തുടങ്ങി. മൗര്യ സാമ്രാജ്യത്തിന്റെ ഉയർച്ചയെ ഇന്ത്യൻ ചരിത്രത്തിലെ ഒരു നാഴികക്കല്ലായി അവർ വിലയിരുത്തി. ഇരുപതാം നൂറ്റാണ്ടിലെ ദേശീയവാദി നേതാക്കൾ അശോകനെ പ്രചോദനത്തിന്റെ പ്രതിരൂപമായി കരുതി.

രാജാധികാരത്തെ കുറിച്ചുള്ള പുതിയ ധാരണകൾ

ദക്ഷിണ ഭാഗത്തെ മുഖ്യന്മാരും രാജാക്കന്മാരും

തമിഴകത്തെ ചോളർ, ചേരർ, പാണ്ഡ്യർ എന്നീ നാട്ടു മുഖ്യർ ഉൾപ്പെടെ ഡക്കാനിലും അതിനു തെക്കുമായി ഉദയം ചെയ്ത പുതിയ രാഷ്ട്രങ്ങൾ സ്ഥിരതയുള്ളവയും സമ്പന്നവുമായിരുന്നുവെന്ന് തെളിഞ്ഞിട്ടുണ്ട്. ആദ്യകാല തമിഴ് സംഘം സാഹിത്യ കൃതികളിൽ പ്രഭുക്കളെയും, അവർ സമ്പത്ത് ശേഖരിച്ച് വിതരണം ചെയ്ത രീതികളെയും കുറിച്ച് വിവരിക്കുന്നുണ്ട്.

ശതവാഹനർ (ഏകദേശം ബി.സി.ഇ രണ്ടാം നൂറ്റാണ്ടു മുതൽ സി.ഇ രണ്ടാം നൂറ്റാണ്ടു വരെ) ഉൾപ്പെടെയുള്ള അനേകം പ്രഭുക്കളും രാജാക്കന്മാരും ഇന്ത്യയുടെ പടിഞ്ഞാറൻ, മധ്യ പ്രദേശങ്ങൾ ഭരിച്ചിരുന്നു. ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ വടക്കുപടിഞ്ഞാൻ, പടിഞ്ഞാറൻ ഭാഗങ്ങളിൽ ആധിപത്യം സ്ഥാപിച്ചത് മധ്യേഷ്യൻ ജനവിഭാഗമായ ശാകന്മാർ ആയിരുന്നു

ദൈവിക രാജാക്കന്മാർ **(Divine kings)**

മൗര്യനന്തര കാലഘട്ടത്തിൽ രാജാധിപത്യം ദൈവദത്തം ആണെന്ന കാഴ്ചപ്പാട് ഉയർന്നുവന്നു. രാജാധിപത്യവുമായി ബന്ധപ്പെട്ട അവരുടെ സങ്കല്പങ്ങൾ നാണയങ്ങളിലും വാസ്തു ശില്പങ്ങളിലും പ്രകടമാണ്. കുഷാന ഭരണാധികാരികൾ അവരുടെ ദിവ്യത്വം വിളംബരം ചെയ്യാനായി ഉപയോഗിച്ച പ്രധാന മാർഗങ്ങൾ താഴെപ്പറയുന്നവയാണ്.

1. ഭീമാകാരമായ പ്രതിമകളുടെ നിർമ്മാണം. കുഷാണന്മാർ സ്വയം ദൈവങ്ങളെ പോലെ കരുതിയതിന്റെ സൂചനയാണിതെന്ന് ചില ചരിത്രകാരന്മാർ കരുതുന്നു

2. കുഷാണ ഭരണാധികാരികൾ ദേവപുത്ര അല്ലെങ്കിൽ ദൈവപുത്രൻ എന്ന നാമം സ്വീകരിച്ചിരുന്നു. സ്വർഗ്ഗ പുത്രന്മാർ എന്ന് സ്വയം വിളിച്ചിരുന്ന ചൈനീസ് ഭരണാധികാരികളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടതാകാം ഇത്.

3. അശ്വമേധം പോലുള്ള വലിയ യാഗങ്ങൾ നടത്തി

നാലാം നൂറ്റാണ്ടോടുകൂടി ഗുപ്തസാമ്രാജ്യം ഉൾപ്പെടെയുള്ള വലിയ രാഷ്ട്രങ്ങളെ കുറിച്ചുള്ള തെളിവുകളുണ്ട്. ഇവരിൽ ഭൂരിഭാഗവും സാമന്തന്മാരെ ആശ്രയിച്ചിരുന്നു. ഭൂമിക്കു മേലുള്ള നിയന്ത്രണം ഉൾപ്പെടെയുള്ള പ്രാദേശിക വിഭവങ്ങൾ കൊണ്ട് നിലനിൽക്കുന്നവരായിരുന്നു ഇക്കൂട്ടർ. ഇവർ ഭരണാധികാരികൾക്ക് ആദരവ് അർപ്പിക്കുകയും സൈനിക പിന്തുണ നൽകുകയും ചെയ്തു.

സാഹിത്യം, നാണയങ്ങൾ, ലിഖിതങ്ങൾ, പ്രശസ്തികൾ ഉൾപ്പെടെയുള്ളവയിൽ നിന്നുമാണ് ചരിത്രകാരന്മാർ ഗുപ്ത ഭരണാധികാരികളുടെ ചരിത്രത്തെ പുനർനിർമ്മിച്ചത്. രാജാക്കന്മാരെ, പ്രത്യേകിച്ചും രക്ഷാധികാരികളെ പൊതുവേയും പ്രകീർത്തിച്ചുകൊണ്ട് കവികൾ രചിച്ചവയാണ് പ്രശസ്തികൾ. സമുദ്രഗുപ്തന്റെ കൊട്ടാരം കവിയായിരുന്ന ഹരിസേനൻ രചിച്ചതാണ് പ്രയാഗ പ്രശസ്തി അഥവാ അലഹാബാദ് ശിലാശാസനം. സമുദ്രഗുപ്തന്റെ പടയോട്ടങ്ങളെ കുറിച്ച് പ്രയാഗ പ്രശസ്തി നമുക്ക് വിശദമായ വിവരങ്ങൾ നൽകുന്നുണ്ട്.

നഗരങ്ങളും വ്യാപാരവും

ഏകദേശം ബി.സി. ആറാം നൂറ്റാണ്ടു മുതൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിരവധി നഗരങ്ങൾ ഉയർന്നു വന്നു. ഇതിൽ പല നഗരങ്ങളും മഹാജനപദങ്ങളുടെ തലസ്ഥാനങ്ങൾ ആയിരുന്നു. എല്ലാ പ്രധാന നഗരങ്ങളും ഗതാഗത പാതകളിൽ ആണ് സ്ഥിതി ചെയ്തിരുന്നത്. പാടലിപുത്രം പോലുള്ള ചിലത് നദീതടങ്ങളിൽ ആയിരുന്നുവെങ്കിൽ, ഉജ്ജയനി പോലുള്ള മറ്റു ചിലത് കരപാതകളിൽ ആയിരുന്നു. പുഹാർ പോലുള്ളവ കടൽതീരത്ത് സമുദ്ര പാതകൾ തുടങ്ങുന്നിടത്ത് ആയിരുന്നു. മഥുരയെപോലുള്ള നിരവധി നഗരങ്ങൾ വാണിജ്യ, സാംസ്കാരിക, രാഷ്ട്രീയ പ്രവർത്തനത്തിന്റെ തിരക്കേറിയ കേന്ദ്രങ്ങളായിരുന്നു.

Edit with WPS Office

വിവിധതരത്തിലുള്ള ഒട്ടനവധി മനുഷ്യ നിർമ്മിത ഉൽപ്പന്നങ്ങൾ ഈ നഗരങ്ങളിൽ നിന്ന് കണ്ടെത്തപ്പെട്ടിട്ടുണ്ട്. അവയിൽ ഏറ്റവും പ്രാധാന്യം അർഹിക്കുന്നത് നന്നായി മിനുസപ്പെടുത്തിയ നോർത്തേൺ ബ്ലാക്ക് പോളിഷ്ഡ് വെയർ (NBPW) എന്നറിയപ്പെടുന്ന മനോഹരമായ കളിമൺ കോപ്പകളും ഭക്ഷണതളികകളുമായിരുന്നു. ധനികരായിരിക്കാം ഇവ മിക്കവാറും ഉപയോഗിച്ചിരുന്നത്.

ബി.സി. രണ്ടാം നൂറ്റാണ്ടിലെ ചെറു വഴിപാടുകൾ രേഖപ്പെടുത്തിയ ലിഖിതങ്ങൾ, അക്കാലത്ത് നഗരങ്ങളിൽ താമസിച്ചിരുന്ന വിവിധ ജനവിഭാഗങ്ങളെ കുറിച്ച് നമുക്ക് അറിവ് നൽകുന്നുണ്ട്. അലക്കുകാർ, നെയ്ത്തുകാർ, പകർത്തി എഴുത്തുകാർ, മരപ്പണിക്കാർ, കുശവർ, സ്വർണ്ണ പണിക്കാർ, കൊല്ലന്മാർ, ഉദ്യോഗസ്ഥർ, മതപണ്ഡിതർ, കച്ചവടക്കാർ, രാജാക്കന്മാർ തുടങ്ങിയവരെ കുറിച്ച് ഇവ നമ്മോട് പറയുന്നു.

കരകൗശല വസ്തു നിർമ്മാതാക്കളുടെയും കച്ചവടക്കാരുടെയും സംഘടനകൾ ആയിരുന്നു ഗിൽഡുകൾ അഥവാ ശ്രേണികൾ. അസംസ്കൃത വസ്തുക്കൾ ശേഖരിക്കുകയും, ഉൽപ്പാദനത്തെ നിയന്ത്രിക്കുകയും, ഉല്പന്നങ്ങൾ വിപണിയിൽ എത്തിക്കുകയും ചെയ്തിരുന്നത് ഗിൽഡുകൾ ആയിരുന്നിരിക്കാം.

ബി.സി. ആറാം നൂറ്റാണ്ടു മുതൽ ഇന്ത്യയും വിദേശ രാജ്യങ്ങളും തമ്മിലുള്ള കച്ചവട ബന്ധം ശക്തമായി. കച്ചവടക്കാരിൽ കാൽനടക്കാരും കാളവണ്ടികളിൽ യാത്ര ചെയ്തിരുന്നവരുമുണ്ടായിരുന്നു. കൂടാതെ സമുദ്ര സഞ്ചാരികളുമുണ്ടായിരുന്നു. അവരുടെ സംരംഭങ്ങൾ അപകടസാധ്യതയുള്ളതായിരുന്നുവെങ്കിലും വളരെ ലാഭകരമായിരുന്നു. അതിസമ്പന്നരായ കച്ചവടക്കാർ തമിഴിൽ മസത്തുവൻ എന്നും പ്രാകൃത ഭാഷയിൽ സേത്ത്, സത്തവാഹകർ എന്നും ആയിരുന്നു അറിയപ്പെട്ടിരുന്നത്. ഇന്ത്യൻ വസ്ത്രങ്ങൾ സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയ്ക്ക് റോമാസാമ്രാജ്യത്തിൽ വളരെ ആവശ്യക്കാർ ഉണ്ടായിരുന്നു.<u>നാണയങ്ങളും രാജാക്കന്മാരും</u>

ബിസി ആറാം നൂറ്റാണ്ടു മുതൽ ഇന്ത്യയിൽ നാണയങ്ങൾ പ്രചരിക്കുവാൻ തുടങ്ങി. വെള്ളിയിലും ചെമ്പിലും ഉണ്ടാക്കിയ മുദ്രാങ്കിത നാണയങ്ങൾ (Punchmarked coins) ആണ് അവ. രാജാക്കന്മാർ, കച്ചവടക്കാർ, പണമിടപാടുകാർ എന്നിവരെല്ലാം നാണയം അച്ച.ടിച്ചിറക്കിയിരുന്നു.

ഭരണാധികാരികളുടെ പേരുകളും ചിത്രങ്ങളും ഉൾക്കൊള്ളുന്ന ആദ്യ നാണയങ്ങൾ അച്ചടിച്ചത് ഇൻഡോ-ഗ്രീക്ക് ഭരണാധികാരികളായിരുന്നു. ഇന്ത്യയിലാദ്യമായി സ്വർണ്ണ നാണയം വിതരണം ചെയ്തത് കുശാണന്മാരായിരുന്നു.

പഞ്ചാബിലെയും ഹരിയാനയിലെയും യൗദേയരെ പോലുള്ള ഗോത്ര റിപ്പബ്ലിക്കുകളും നാണയങ്ങൾ അടിച്ചിറക്കിയിട്ടുണ്ട്. ഏറ്റവും മികച്ച തരത്തിലുള്ള സ്വർണ്ണനാണയങ്ങൾ നടപ്പിലാക്കിയത് ഗുപ്ത ഭരണാധികാരികളാണ്.

ആറാം നൂറ്റാണ്ടു മുതൽ സ്വർണ്ണനാണയങ്ങളുടെ പ്രചാരത്തിൽ കുറവ് പ്രകടമാണ്. അത് അവിടെ ഉണ്ടായിരുന്ന സാമ്പത്തിക പ്രതിസന്ധിയുടെ സൂചനയായി കണക്കാക്കാവുന്നതാണ്. റോമൻ സാമ്രാജ്യത്തിന്റെ തകർച്ചയും അതുവഴി റോമൻ വ്യാപാരത്തിന്റെ തകർച്ചയും കൊണ്ടാവാം ഇത് എന്നും അനുമാനിക്കാവുന്നതാണ്.

<u>ശാസനങ്ങൾ വായിച്ചെടുക്കൽ</u>

ചരിത്ര പുനർ നിർമ്മിതിക്കുള്ള ഒരു പ്രധാന സ്രോതസ്സാണ് ശാസനങ്ങൾ. ശാസനങ്ങൾ വായിച്ചെടുക്കുക എന്നത് വളരെ ശ്രമകരമായ ജോലിയാണ്. ആധുനിക ഇന്ത്യൻ ഭാഷകൾ എഴുതാൻ ഉപയോഗിക്കുന്ന മിക്കവാറും ലിപികൾ ബ്രാഹ്മിയിൽ നിന്നാണ് ഉടലെടുത്തത്.

അശോകന്റെ ഭൂരിഭാഗം ശാസനങ്ങളിലും ഉപയോഗിച്ചിരുന്നത് ബ്രാഹ്മി ലിപിയാണ്. പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനം മുതൽ യൂറോപ്യൻ പണ്ഡിതന്മാർ ഇന്ത്യൻ പണ്ഡിറ്റുകളുടെ സഹായത്തോടെ ബ്രാഹ്മി ലിപി വായിച്ചെടുക്കുവാനുള്ള ശ്രമങ്ങൾ ആരംഭിച്ചു. 1838 ൽ ജെയിംസ് പ്രിൻസെപ്പ് ബ്രാഹ്മിയിലുള്ള അശോക ശാസനം വായിച്ചെടുത്തു.

വടക്കുപടിഞ്ഞാറൻ ഭാഗങ്ങളിലെ ലിഖിതങ്ങളിൽ ഉപയോഗിച്ചിരുന്നത് ഖരോഷ്ടി ലിപിയായിരുന്നു. ഇൻഡോ ഗ്രീക്ക് രാജാക്കന്മാരുടെ നാണയങ്ങളുടെ സഹായത്തോടെയാണ് ഈ ലിപി വായിച്ചെടുത്തത്. ഈ നാണയങ്ങളിൽ രാജാക്കന്മാരുടെ പേരുകൾ ഗ്രീക്ക് ഖരോഷ്ടി ലിപികളിലുണ്ടായിരുന്നു. ഗ്രീക്ക് വായിക്കുവാൻ കഴിയുന്ന യൂറോപ്യൻ പണ്ഡിതന്മാർ അക്ഷരങ്ങളെ താരതമ്യം ചെയ്തു. ഈ താരതമ്യത്തിലൂടെയാണ് ഖരോഷ്ടി ലിപി വായിച്ചെടുത്തത്.

<u>ലിഖിത തെളിവുകളുടെ പരിമിതികൾ</u>

Edit with WPS Office

ചരിത്ര പഠനത്തിനുള്ള ഒരു പ്രധാന സ്രോതസ്സാണ് ശാസനങ്ങൾ. അതോടൊപ്പം തന്നെ ചില പരിമിതികളും ശാസനങ്ങൾക്കുണ്ട്. അവ താഴെ പറയുന്നവയാണ്.

www.rrvgirls.com

1. മങ്ങിയ രീതിയിലുള്ള അക്ഷരങ്ങൾ

2. പൊട്ടിപ്പോയതോ അക്ഷരങ്ങൾ നഷ്ടപ്പെട്ടു പോയതോ ആയ ശാസനങ്ങൾ

3. വാക്കുകളുടെ യഥാർത്ഥ അർത്ഥം മനസ്സിലാക്കുവാനുള്ള പ്രയാസം

4. ആയിരക്കണക്കിന് ശാസനങ്ങൾ ഇതുവരെ വായിച്ചെടുക്കുവാൻ കഴിയാത്തത്.

5. ശാസനങ്ങളിൽ ഭൂരിഭാഗവും സാധാരണക്കാരന്റെ ജീവിതത്തെക്കുറിച്ച് നിശബ്ദത പാലിക്കുന്നു.

6. മുകളിൽ പറഞ്ഞതിനെല്ലാമുപരിയായി ഈ ശാസനങ്ങൾ പലപ്പോഴും അത് പ്രസിദ്ധീകരിച്ച ആളുകളുടെ താല്പര്യത്തോടെയാണ് സംരക്ഷിക്കുന്നത്.

## പ്രമേയം നാല്

## ചിന്തകരും വിശ്വാസങ്ങളും നിർമ്മിതികളും

### പശ്ചാത്തലം: യാഗങ്ങളും സംവാദങ്ങളും

ബി.സി. ഒന്നാം സഹസ്രാബ്ദത്തിലെ മധ്യകാലഘട്ടം ലോക ചരിത്രത്തിലെ ഒരു വഴിത്തിരിവായി കണക്കാക്കപ്പെടുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിരവധി ദാർശനികന്മാർ ഇക്കാലത്ത് ഉയർന്നുവന്നു. ഇറാനിലെ സരത്തുസ്ട്ര, ചൈനയിലെ കോങ്സി, ഗ്രീസിലെ സോക്രട്ടീസ്, പ്ലേറ്റോ, അരിസ്റ്റോട്ടിൽ, ഇന്ത്യയിലെ മഹാവീരൻ, ഗൗതമ ബുദ്ധൻ എന്നിവരായിരുന്നു അവരിൽ പ്രമുഖർ.

ഈ കാലഘട്ടത്തിൽ ഇന്ത്യയിൽ നിലനിന്നിരുന്ന വൈദിക മതത്തിന്റെ പ്രധാന സവിശേഷതകളായിരുന്നു യാഗങ്ങളും യജ്ഞങ്ങളും. ഈ യാഗങ്ങളിൽ നൂറുകണക്കിന് കന്നുകാലികൾ ബലിയർപ്പിക്കപ്പെട്ടു. ഇത് കാർഷിക പ്രവർത്തനങ്ങളെ വലിയതോതിൽ ബാധിച്ചു. കാരണം കന്നുകാലികൾ ആയിരുന്നു കൃഷിയുടെ നട്ടെല്ല്. ഈയൊരു സാഹചര്യത്തിലാണ് യാഗങ്ങളെയും യജ്ഞങ്ങളെയും പിന്തുണയ്ക്കുന്ന വേദത്തിന്റെ ആധികാരികതയെ മഹാവീരനും ബുദ്ധനും ചോദ്യം ചെയ്യുന്നത്.

യാഗ പാരമ്പര്യങ്ങളെ കുറിച്ച് പുതിയ ചോദ്യങ്ങളും, സംവാദങ്ങളും, ചർച്ചകളും ഇക്കാലത്ത് ഉയർന്നുവന്നു. കുടഗരശാലകൾ അഥവാ കൂർത്ത മേൽക്കൂരയോട് കൂടിയ കുടിലുകൾ ആയിരുന്നു ചർച്ചാ വേദി. ഒരു ദാർശനികൻ തന്റെ എതിരാളികളിൽ ഒരാളെ തോൽപ്പിച്ചാൽ ആ എതിരാളിയുടെ അനുയായികൾ എല്ലാം അദ്ദേഹത്തിന്റെ ശിഷ്യന്മാരായി തീരും. അതിനാൽ ഏതെങ്കിലും ഒരു വിഭാഗത്തിനുള്ള പിന്തുണ ഓരോ കാലത്തും കൂടുകയോ കുറയുകയോ ചെയ്തിരുന്നു.

### ബുദ്ധമതം

ഗൗതമ ബുദ്ധനാണ് ബുദ്ധമത സ്ഥാപകൻ. അദ്ദേഹത്തിന്റെ യഥാർത്ഥ പേര് സിദ്ധാർത്ഥൻ എന്നായിരുന്നു. ശാക്യ രാജാവായ ശുദ്ധോദനന്റെ പുത്രനായ അദ്ദേഹത്തിന്റെ ജന്മസ്ഥലം കപിലവസ്തുവിന് അടുത്തുള്ള ലുമ്പിനിയാണ്.

ജീവിതത്തിന്റെ പരുഷമായ യാഥാർത്ഥ്യങ്ങളിൽ നിന്ന് അകന്നു നിന്ന ഒരു ജീവിതമായിരുന്നു ആദ്യകാലത്ത് അദ്ദേഹത്തിന് ഉണ്ടായിരുന്നത്. ഒരു ദിവസം അദ്ദേഹത്തിന്റെ താല്പര്യപ്രകാരം അദ്ദേഹത്തിന്റെ തേരാളി അദ്ദേഹത്തെ കൊട്ടാരത്തിന് പുറത്തേക്ക് കൊണ്ടുപോയി. പുറം ലോകത്തേക്കുള്ള അദ്ദേഹത്തിന്റെ ആദ്യ യാത്രയായിരുന്നു അത്. ഈ യാത്ര അദ്ദേഹത്തിന്റെ ജീവിതത്തെ മാറ്റിമറിച്ചു. നാലു വലിയ കാഴ്ചകൾ അദ്ദേഹം കണ്ടു. ഒരു വൃദ്ധൻ, ഒരു രോഗി, ഒരു മൃതശരീരം, ഒരു സന്യാസി. ഈ കാഴ്ചകൾ സിദ്ധാർത്ഥനെ അസ്വസ്ഥനാക്കി. സന്യാസിയുടെ പാത പിന്തുടരാൻ അദ്ദേഹം തീരുമാനിച്ചു. താമസിയാതെ അദ്ദേഹം പരമസത്യത്തെ തേടി കൊട്ടാരം വിട്ടു. ബുദ്ധന്റ ജീവിതത്തിലെ ഈ സംഭവം 'മഹാ പരിത്യാഗം' എന്നറിയപ്പെടുന്നു.

പരമസത്യത്തെ തേടുന്നതിനായി ബുദ്ധൻ പല പല രീതികൾ സ്വീകരിച്ചു. അനേക ദിവസങ്ങൾ നീണ്ടു നിന്ന

Edit with WPS Office

ഉപാസനയെ തുടർന്ന് അദ്ദേഹത്തിന് ബോധോദയമുണ്ടായി. അതിനുശേഷം അദ്ദേഹം ബുദ്ധൻ അഥവാ പ്രബുദ്ധത നേടിയവൻ എന്ന് അറിയപ്പെടാൻ തുടങ്ങി.

ബുദ്ധമത തത്വചിന്ത അനുസരിച്ച് ലോകം ക്ഷണികമാണ് (അനിച്ച - anicca) അത് നിരന്തരം മാറിക്കൊണ്ടിരിക്കുന്നു. അതിനു ആത്മാവും (അനാത്ത - anatta) ഇല്ല. അതിനാൽ ഈ ലോകത്ത് സ്ഥിരമോ ശാശ്വതമായ ഒന്നും തന്നെ ഇല്ല.

നാല് ആര്യ സത്യങ്ങൾ (Four noble truths)ആണ് ബുദ്ധമതത്തിന്റെ അടിസ്ഥാനം.

1. ലോകം ദുഃഖമയമാണ്

2. ദുഃഖത്തിന്റെ കാരണം ആഗ്രഹങ്ങളാണ്.

3. ആഗ്രഹങ്ങൾ ഇല്ലാതാക്കിയാൽ ദുഃഖത്തെ മറികടക്കാം.

4. അഷ്ടാംഗമാർഗം അനുഷ്ഠിച്ചുകൊണ്ട് ദുഃഖങ്ങളെ ഇല്ലാതാക്കാം. ശരിയായ വാക്ക്, ശരിയായ പ്രവൃത്തി, ശരിയായ ജീവിതം, ശരിയായ പരിശ്രമം, ശരിയായ ഓർമ്മ, ശരിയായ വീക്ഷണം, ശരിയായ തീരുമാനം, ശരിയായ ധ്യാനം എന്നിവയാണ് അഷ്ടാംഗമാർഗ്ഗങ്ങൾ.

ആർഭാട ജീവിതത്തിന്റെയും സന്യാസ ജീവിതത്തിന്റെയും ഇടയിലുള്ള ഒരു മധ്യമാർഗം (middle path) ആണ് ബുദ്ധൻ മുന്നോട്ടുവച്ചത്. ഈ പാത പിന്തുടർന്നാൽ മനുഷ്യർക്ക് ഇഹലോകത്തിലെ എല്ലാവിധ പ്രശ്നങ്ങളും പരിഹരിക്കാൻ കഴിയും.

പുനർജ്ജന്മചക്രത്തിൽ നിന്നും മോചനം നേടാനും ആത്മസാക്ഷാത്കാരം നേടാനും നിബ്ബാന (nibbana) (അഹന്തയുടെയും ആശയുടെയും ഇല്ലാതാക്കലാണ് നിബ്ബാന) സ്വന്തമാക്കുന്നതിനും ഉള്ള മാർഗ്ഗങ്ങൾ വ്യക്തിഗതമായ പ്രവർത്തികളും ധാർമികമായ പ്രവർത്തികളും ആണെന്ന് ബുദ്ധൻ ഊന്നി ഊന്നിപ്പറഞ്ഞു.

<u>സംഘം</u>

തന്റെ ആശയങ്ങൾ പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ബുദ്ധൻ സന്യാസിമാരുടെ കൂട്ടായ്മയായ സംഘം രൂപീകരിച്ചു. അതിജീവനത്തിന് ആവശ്യമായ അടിസ്ഥാന വസ്തുക്കൾ മാത്രം കൈവശം വച്ചുകൊണ്ടുള്ള ലളിത ജീവിതമായിരുന്നു ബുദ്ധ സന്യാസിമാരുടേത്. ഭിക്ഷയെടുത്തു ജീവിച്ചിരുന്നതുകൊണ്ട് ഇവർ ഭിക്കുകൾ (bhikkhus) എന്നറിയപ്പെട്ടു. തുടക്കത്തിൽ സംഘാംഗങ്ങളായി പുരുഷന്മാരെ മാത്രമേ പ്രവേശിപ്പിച്ചിരുന്നുള്ളൂ. പിന്നീട് സ്ത്രീകളെ കൂടി സംഘത്തിൽ ചേർക്കാൻ തുടങ്ങി. ഭിക്കുണി എന്നായിരുന്നു അവർ അറിയപ്പെട്ടിരുന്നത്. ബുദ്ധന്റെ വളർത്തമ്മയായ മഹാപ്രജാപതി ഗോതമിയായിരുന്നു ഭിക്ഷുണിയായിതീർന്ന ആദ്യ വനിത. സംഘത്തിൽ അംഗങ്ങളായ ചേർന്ന വനിതകൾ പിന്നീട് തേരികൾ അഥവാ ബഹുമാന്യരായ വനിതകൾ ആയി മാറി.

<u>ബുദ്ധമതത്തിന്റെ വ്യാപനം</u>

ബുദ്ധൻ ജീവിച്ചിരുന്ന കാലത്തും, അദ്ദേഹത്തിന്റെ മരണശേഷവും ബുദ്ധമതം വ്യാപകമായി പ്രചരിക്കാൻ തുടങ്ങി. ബുദ്ധമത വ്യാപനത്തിന്റെ കാരണങ്ങൾ താഴെപ്പറയുന്നവയാണ്.

1. നിലവിലുണ്ടായിരുന്ന മതപരമായ ആചാരങ്ങളോട് ജനങ്ങൾക്ക് ഉണ്ടായിരുന്ന അസംതൃപ്തിയും, അതിവേഗം മാറിക്കൊണ്ടിരിക്കുന്ന സാമൂഹിക അന്തരീക്ഷവും.

2. ബുദ്ധമതം ജനനത്തേക്കാൾ മൂല്യങ്ങൾക്കും പെരുമാറ്റത്തിനും മുൻഗണന നൽകി. അത് ജാതിവ്യവസ്ഥയെ നിരാകരിച്ചു.

3. തന്നെക്കാൾ ഇളയവരോടും ബലഹീനരോടും സഹാനുഭൂതിയും (metta) കാരുണയും (compassion) ബുദ്ധമത വിശ്വാസികൾ കാണിച്ചിരുന്നു.

4. അശോകനെയും കനിഷ്കനെയും പോലുള്ള ഭരണാധികാരികൾ നൽകിയ പിന്തുണ.

<u>ചൈത്യങ്ങൾ</u>

Edit with WPS Office

ആദ്യകാലം മുതൽക്കുതന്നെ ജനങ്ങൾ ചില പ്രദേശങ്ങളെ പരിപാവനമായി കണക്കാക്കിയിരുന്നു. ബുദ്ധന്റെ ജന്മസ്ഥലമായ ലുംബിനി, ബുദ്ധന് ബോധോദയം ലഭിച്ച സ്ഥലമായ ബുദ്ധഗയ, ബുദ്ധൻ ആദ്യ പ്രഭാഷണം നടത്തിയ സ്ഥലമായ സാരാനാഥ്, ബുദ്ധന്റെ നിർവാണസ്ഥലമായ കുശിനഗരം തുടങ്ങിയവ ഇത്തരം പരിപാവന ദേശങ്ങളാണ്. ഇത്തരം പരിപാവന ദേശങ്ങളിൽ നിർമ്മിക്കപ്പെട്ട കൊച്ചു ക്ഷേത്രങ്ങൾ ആണ് ചൈത്യങ്ങൾ .

<u>സ്തൂപങ്ങൾ</u>

ബുദ്ധന്റെ ഭൗതിക ശരീരാവശിഷ്ടങ്ങളോ അദ്ദേഹം ഉപയോഗിച്ചിരുന്ന വസ്തുക്കളോ അടക്കംചെയ്ത മേടുകളാണ് (mounds) സ്തൂപങ്ങൾ എന്നറിയപ്പെടുന്നത്. ബുദ്ധമതത്തിന്റെ ആവിർഭാവത്തിനു മുമ്പുതന്നെ സ്തൂപങ്ങൾ നിർമ്മിക്കുന്ന പാരമ്പര്യം നിലനിന്നിരുന്നു. പിന്നീടത് ബുദ്ധമതവുമായി ബന്ധപ്പെട്ട ഒന്നായി മാറി. ബുദ്ധന്റെ ഭൗതികാവശിഷ്ടങ്ങൾ സംസ്കരിച്ചതിനു മുകളിലാണ് സ്തൂപങ്ങൾ പണിതുയർത്തിയത്. അതിനാൽ ബുദ്ധന്റെയും ബുദ്ധമതത്തിന്റെയും ഒരു അടയാളം എന്ന നിലയിൽ അവ ആരാധിക്കപ്പെടാൻ തുടങ്ങി.

അശോകൻ തന്റെ സാമ്രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ബുദ്ധന്റെ ഭൗതികാവശിഷ്ടങ്ങൾ എത്തിക്കുകയും അവിടങ്ങളിൽ സ്തൂപങ്ങൾ നിർമ്മിക്കുവാൻ കൽപ്പിച്ചിരുന്നതായും അശോകവദന എന്ന ബുദ്ധമത ഗ്രന്ഥം പറയുന്നു. ബിസി രണ്ടാം നൂറ്റാണ്ടാവുമ്പോഴേക്കും ബർഹട്ട്, സാഞ്ചി, സാരാനാഥ് എന്നിവിടങ്ങളടക്കം നിരവധി ഇടങ്ങളിൽ ഇത്തരം സ്തൂപങ്ങൾ നിർമ്മിക്കപ്പെട്ടു.

തുടക്കത്തിൽ സ്തൂപം എന്നത് അർദ്ധ വൃത്താകൃതിയിലുള്ള ഒരു ലളിതമായ മൺ മേടായിരുന്നു. പിന്നീട് ഇത് അണ്ഡ (anda) എന്നറിയപ്പെട്ടു. പിന്നീട് ഇത് കൂടുതൽ സങ്കീർണ്ണമായ ഘടനയായി രൂപാന്തരപ്പെട്ടു. അണ്ഡയ്ക്കു മുകളിലായി ദൈവങ്ങളുടെ വാസസ്ഥലത്തെ പ്രതിനിധാനം ചെയ്യുന്ന ബാൽക്കണി പോലുള്ള നിർമ്മിതിയായ ഹർമിക (harmilka) ഉണ്ടായിരുന്നു. ഹാർമികയിൽ നിന്നുയർന്നുനിന്ന ഒരു കൊടി മരത്തെ യാഷ്ടി (yashti) എന്ന് വിളിച്ചിരുന്നു. പലപ്പോഴും ഇതിനു മുകളിലായി ഒരു ഛത്രി അഥവാ കുട ഉയർന്നു നിന്നിരുന്നു.

മധ്യപ്രദേശിലെ ഭോപ്പാലിനടുത്തുള്ള ഒരു കുന്നിൻ മുകളിലാണ് സാഞ്ചി സ്തൂപം സ്ഥിതി ചെയ്യുന്നത്. ഇത് ലോകത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് പ്രധാന പങ്കുവഹിച്ചത് ജോൺ മാർഷൽ ആയിരുന്നു. ഭോപ്പാൽ ഭരണാധികാരികളായിരുന്ന ഷാജഹാൻ ബീഗവും ജഹാൻ ബീഗവും ഈ സ്തൂപത്തിന്റെ സംരക്ഷണത്തിനായി ധാരാളം പണം ചെലവഴിച്ചു. സാഞ്ചിയെ പറ്റിയുള്ള തന്റെ ഗ്രന്ഥങ്ങളുടെ പ്രധാന വാല്യങ്ങൾ ജോൺ മാർഷൽ സമർപ്പിച്ചത് സുൽത്താൻ ജഹാൻ ബീഗത്തിനാണ്.

സാഞ്ചിയിൽ നിന്നും തികച്ചും വ്യത്യസ്തമായിരുന്നു അമരാവതിയിലെ സ്തൂപത്തിന്റെ അവസ്ഥ.

1796 ൽ അമരാവതിയിലെ നാട്ടുരാജാവ് ഒരു അമ്പലം പണിയാൻ നിശ്ചയിച്ചു. അപ്പോഴാണ് അമരാവതിയിലെ സ്തൂപാവശിഷ്ടങ്ങൾ അദ്ദേഹത്തിന്റെ ശ്രദ്ധയിൽപെട്ടത്. സ്തൂപത്തിലെ കല്ലുകൾ ഉപയോഗിച്ച് ക്ഷേത്ര നിർമ്മാണം നടത്താൻ അദ്ദേഹം തീരുമാനിച്ചു. 1854 ൽ ഗുണ്ടൂരിലെ (ആന്ധ്രാപ്രദേശ്) കമ്മീഷണറായിരുന്ന വാൾട്ടർ എലിയറ്റ് അമരാവതി സന്ദർശിക്കുകയും അവിടെ നിന്ന് ഒട്ടേറെ ശില്പങ്ങൾ ശേഖരിച്ച് മദ്രാസിലേക്ക് കൊണ്ടുപോവുകയും ചെയ്തു. 1850 കളിൽ അമരാവതിയിൽ നിന്ന് ഒട്ടനവധി ശില്പങ്ങൾ മദ്രാസിലെ ഇന്ത്യൻ ഓഫീസിലേക്കും, കൊൽക്കത്തയിലെ ഏഷ്യാറ്റിക് സൊസൈറ്റി ഓഫ് ബംഗാൾ പോലുള്ള വിവിധ കേന്ദ്രങ്ങളിലേക്കും കൊണ്ടുപോകുകയുണ്ടായി. ചില ശില്പങ്ങൾ ലണ്ടനിലേക്കും കടത്തിക്കൊണ്ടുപോയി. ബ്രിട്ടീഷ് ഭരണാധികാരികളുടെ പൂന്തോപ്പുകൾ അവ അലങ്കരിച്ചു.

സാഞ്ചി സ്തൂപം കണ്ടുപിടിക്കുന്നതിനു മുമ്പ് കണ്ടുപിടിക്കപ്പെട്ട സ്തൂപമായിരുന്നു അമരാവതിയിലെ സ്തൂപം. അക്കാലത്ത്, ചരിത്രസ്മാരകങ്ങൾ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യത്തെപ്പറ്റി പണ്ഡിതന്മാർ വേണ്ടത്ര ബോധവാന്മാരായിരുന്നില്ല. 1818 ലാണ് സാഞ്ചി കണ്ടെത്തിയത്. അതിന്റെ നാലു കവാടങ്ങളിൽ മൂന്നും അപ്പോഴും നിൽക്കുന്നുണ്ടായിരുന്നു. നാലാമത്തേത് താഴെ വീണു കിടക്കുകയായിരുന്നു തകരാറൊന്നും ഉണ്ടായിരുന്നില്ല. കവാടങ്ങൾ ലണ്ടനിലേക്ക് അല്ലെങ്കിൽ പാരീസിലേക്ക് കടത്തിക്കൊണ്ടുപോകാൻ യൂറോപ്യന്മാർ ശ്രമിച്ചെങ്കിലും ഭോപ്പാലിലെ ഭരണാധികാരികളുടെ ഇടപെടൽ മൂലം അവ സംരക്ഷിക്കപ്പെട്ടു. എന്നാൽ അമരാവതിയിലെ സ്തൂപത്തിന് ഇത്തരത്തിലുള്ള ഒരു സംരക്ഷണം ലഭിക്കാഞ്ഞതിനാൽ അതിന്റെ പ്രതാപമെല്ലാം നഷ്ടമായി. ഇപ്പോൾ അത് അപ്രധാനമായൊരു ചെറുമൺമേടായി നിലകൊള്ളുന്നു.

<u>ജൈനമതം</u>

ജൈനമതത്തിന്റെ സ്ഥാപകനായി കണക്കാക്കപ്പെടുന്നത് വർദ്ധമാനമഹാവീരൻ ആണ്. ജൈന മതത്തിന്റെ

Edit with WPS Office

അടിസ്ഥാന തത്വചിന്ത വർദ്ധമാനമഹാവീരന്റെ ജനനത്തിനു മുമ്പുതന്നെ ഉത്തരേന്ത്യയിൽ നിലവിലുണ്ടായിരുന്നു. ജൈന പാരമ്പര്യമനുസരിച്ച് മഹാവീരനുമുമ്പേ 23 ആചാര്യർ അഥവാ തീർത്ഥങ്കരർ ഉണ്ടായിരുന്നു.

ജൈന മതത്തിന്റെ അടിസ്ഥാന ആശയങ്ങൾ താഴെപ്പറയുന്നവയാണ്.

*ലോകം സചേതനമാണ്: കല്ലുകൾക്കും പാറകൾക്കും ജലത്തിനുപോലും ജീവനുണ്ട്.

*അഹിംസ: ജീവനുള്ള ഒന്നിനെയും പ്രത്യേകിച്ച്, മനുഷ്യരെയും മൃഗങ്ങളെയും സസ്യങ്ങളെയും പ്രാണികളെയും ഉപദ്രവിക്കാതിരിക്കുക.

*മനുഷ്യ ജീവിതത്തിന്റെ ആത്യന്തിക ലക്ഷ്യം നിർവാണം അഥവാ മോക്ഷം നേടുക എന്നതാണ്.

*ജനനത്തിനും പുനർജന്മത്തിനും കാരണമാകുന്നത് കർമ്മമാണ്. ഒരാൾക്ക് മോക്ഷം ലഭിക്കണമെങ്കിൽ അവന്റെ കർമ്മം ശരിയായിരിക്കണം. ശരിയായ അറിവ്, ശരിയായ പ്രവർത്തനം, ശരിയായ വിശ്വാസം അഥവാ ത്രിരത്നങ്ങളിലൂടെ മാത്രമേ ഒരാൾക്ക് മോക്ഷം നേടാൻ കഴിയൂ.

*ജൈന സന്യാസിമാരും സന്യാസിനിമാരും അഞ്ച് വ്രതങ്ങൾ എടുത്തിരുന്നു. ഒന്നിനെയും കൊല്ലരുത്, മോഷ്ടിക്കരുത്, കള്ളം പറയരുത്, ബ്രഹ്മചര്യം അനുഷ്ഠിക്കുക, സ്വത്ത് കൈവശം വയ്ക്കാതിരിക്കുക.

<u>മഹായാന ബുദ്ധമതം</u>

എ.ഡി. ഒന്നാം നൂറ്റാണ്ടുമുതൽ ബുദ്ധമത ആശയങ്ങളിലും പ്രയോഗങ്ങളിലും മാറ്റങ്ങൾ സംഭവിച്ചു. ഈ മാറ്റങ്ങൾ ബുദ്ധമതത്തെ ഹീനയാനം, മഹായാനം എന്നിങ്ങനെ രണ്ടായി വിഭജിച്ചു.

ഹീനയാന എന്ന വാക്കിന്റെ അർത്ഥം ചെറിയ വാഹനം എന്നാണ്. ബുദ്ധമതത്തിന്റെ അടിസ്ഥാന തത്വങ്ങൾ പിന്തുടർന്നവരായിരുന്നു ഹീനയാന വിഭാഗം. പാലി ഭാഷയിലൂടെ ആയിരുന്നു അവർ തങ്ങളുടെ ആശയങ്ങൾ പ്രചരിപ്പിച്ചത്.

വലിയ വാഹനം എന്നാണ് മഹായാന എന്ന വാക്കിന്റെ അർത്ഥം. അവർ പുതിയ തത്വങ്ങളും പെരുമാറ്റച്ചട്ടങ്ങളും രൂപീകരിച്ചു. ബുദ്ധന്റെയും ബോധിസത്വന്മാരുടെയും വിഗ്രഹങ്ങൾ ആരാധിക്കുന്നത് അവരുടെ പാരമ്പര്യത്തിന്റെ ഭാഗമായി മാറി. മഹായാന അനുയായികൾ ബുദ്ധനെ ഒരു രക്ഷകനായി കണക്കാക്കി, ഒരു ദൈവത്തെ പോലെ ആരാധിക്കുവാൻ തുടങ്ങി. മോക്ഷത്തിനും മാർഗ്ഗ നിർദ്ദേശങ്ങൾക്കുമായി മഹായാനക്കാർ ബുദ്ധനോട് പ്രാർത്ഥിച്ചു.

www.rrvgirls.com

## <u>പ്രമേയം അഞ്ച്</u>

## <u>സഞ്ചാരികളുടെ കണ്ണുകളിലൂടെ</u>

<u>അൽബിറൂണിയും കിത്താബ് ഉൾ ഹിന്ദും</u>

ഇന്നത്തെ ഉസ്ബെക്കിസ്ഥാനിലെ ഖ്വാരിസമിൽ 973 ൽ ആണ് അൽബറൂണി ജനിച്ചത്. അദ്ദേഹം ഒരു ബഹുഭാഷാ പണ്ഡിതനായിരുന്നു. 1017 ൽ സുൽത്താൻ മുഹമ്മൂദ് ഖ്വാരിസം കീഴടക്കിയതോടെ ഗസ്നിയിലേക്ക് വരാൻ അദ്ദേഹം നിർബന്ധിക്കപ്പെട്ടു. ഗസ്നിയിലെ ജീവിതത്തിനിടയിലാണ് ഇന്ത്യയോടുള്ള താല്പര്യം അദ്ദേഹത്തിൽ വളർന്നുവന്നത്. പിന്നീട് പഞ്ചാബ് ഗസ്നവി സാമ്രാജ്യത്തിന്റെ ഭാഗമായതോടെ അദ്ദേഹം പഞ്ചാബിലും, ഉത്തരേന്ത്യയിലും ഒട്ടനവധി യാത്രകൾ നടത്തി.

ബ്രാഹ്മണ പുരോഹിതൻമാരുമായും പണ്ഡിതന്മാരുമായും അദ്ദേഹം സൗഹൃദം സ്ഥാപിച്ചു. സംസ്കൃതം അഭ്യസിച്ചും മത ദാർശനിക ഗ്രന്ഥങ്ങൾ പഠിച്ചും അനേകവർഷങ്ങൾ അദ്ദേഹം അവരോടൊപ്പം ചെലവഴിച്ചു. നിരവധി ഭാഷകളിലുള്ള വൈദഗ്ദ്ധ്യം ഭാഷകളെ താരതമ്യം ചെയ്യാനും ഗ്രന്ഥങ്ങളെ പരിഭാഷപ്പെടുത്താനും അദ്ദേഹത്തിനു സഹായകരമായി. പതഞ്ജലിയുടെ വ്യാകരണഗ്രന്ഥമടക്കമുള്ള നിരവധി സംസ്കൃത ഗ്രന്ഥങ്ങൾ അദ്ദേഹം അറബിയിലേക്ക് പരിഭാഷപ്പെടുത്തി. തന്റെ ബ്രാഹ്മണ സുഹൃത്തുക്കൾക്കായി അദ്ദേഹം യൂക്ലിഡിന്റെ (ഗ്രീക്ക് ഗണിത ശാസ്ത്രജ്ഞൻ) ഗ്രന്ഥങ്ങൾ സംസ്കൃതത്തിലേക്ക് പരിഭാഷപ്പെടുത്തി.

അൽബറൂണിയുടെ യാത്രാവിവരണഗ്രന്ഥമാണ് കിത്താബ് ഉൾ ഹിന്ദ്. 80 അദ്ധ്യായങ്ങളുള്ള ഈ പുസ്തകം

Edit with WPS Office

പതിനൊന്നാം നൂറ്റാണ്ടിലെ ഇന്ത്യയിലെ ഒട്ടനവധി വിഷയങ്ങൾ പ്രതിപാദിക്കുന്നുണ്ട്. അൽബറൂണി തന്റെ പുസ്തക രചനയിൽ ഒരു പ്രത്യേക ശൈലി സ്വീകരിച്ചിരുന്നു. ഓരോ അധ്യായവും അദ്ദേഹം ആരംഭിക്കുന്നത് ഒരു ചോദ്യത്തോടെയാണ്. തുടർന്ന് സംസ്കൃത പാരമ്പര്യത്തെ അടിസ്ഥാനമാക്കി ഒരു വിവരണം, ശേഷം മറ്റു സംസ്കാരങ്ങളുമായി താരതമ്യത്തോടെ അദ്ധ്യായം ഉപസംഹരിക്കുന്നു.

ഇന്ത്യയെക്കുറിച്ച് മനസ്സിലാക്കുന്നതിലും എഴുതുന്നതിലും ചില പ്രശ്നങ്ങൾ അൽബറൂണി നേരിടുകയുണ്ടായി. അവ താഴെ പറയുന്നവയാണ്.

1. ഭാഷ

2. മത വിശ്വാസത്തിലും ആചാരങ്ങളിലുമുള്ള വ്യത്യാസങ്ങൾ.

3. വിദേശികളോടുള്ള പ്രാദേശിക ജനതയുടെ മനോഭാവം.

ഇന്ത്യയിലെ ജാതി വ്യവസ്ഥയെക്കുറിച്ച് വിശദമായ വിവരണം അൽബറൂണി നൽകുന്നുണ്ട് ഉണ്ട്. മറ്റ് സമൂഹങ്ങളുമായി താരതമ്യം ചെയ്തു കൊണ്ടാണ് അദ്ദേഹം ജാതിവ്യവസ്ഥയെ വിശദീകരിക്കാൻ ശ്രമിച്ചത്. പുരാതന പേർഷ്യയിലും നാല് സാമൂഹ്യ വിഭാഗങ്ങൾ നിലനിന്നിരുന്നുവെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. അവ താഴെ പറയുന്നവയാണ്.

1. നൈറ്റുകളും രാജകുമാരന്മാരും

2. സന്യാസികൾ, അഗ്നി പുരോഹിതർ, അഭിഭാഷകർ.

3. വൈദ്യന്മാർ, ജ്യോതിശാസ്ത്രജ്ഞർ, മറ്റു ശാസ്ത്രജ്ഞർ.

4. കൃഷിക്കാരും കൈത്തൊഴിലാളികളും.

സാമൂഹ്യ വിഭജനം ഇന്ത്യയിലെ മാത്രം സവിശേഷത അല്ലെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ജാതി വ്യവസ്ഥയെക്കുറിച്ചുള്ള ബ്രാഹ്മണരുടെ വർണ്ണന അൽബറൂണി സ്വീകരിച്ചു. എന്നാൽ അശുദ്ധിയെ കുറിച്ചുള്ള ബ്രാഹ്മണ സങ്കല്പം അദ്ദേഹം അംഗീകരിച്ചില്ല. തൊട്ടുകൂടായ്മ പ്രകൃതി നിയമങ്ങൾക്ക് എതിരാണെന്ന് അദ്ദേഹം കരുതി.

കിത്താബ് ഉൾ ഹിന്ദ് ഇംഗ്ലീഷ് ഭാഷയിലേക്ക് വിവർത്തനം ചെയ്തത് E.C.Sachau ആയിരുന്നു.

<u>ഇബിൻ ബത്തൂത്ത</u>

അറബിഭാഷയിൽ ഇബിൻ ബത്തൂത്ത എഴുതിയ യാത്രാവിവരണഗ്രന്ഥമായ രിഹ് ല പതിനാലാം നൂറ്റാണ്ടിലെ ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ സാമൂഹിക-സാംസ്കാരിക ജീവിതത്തെക്കുറിച്ച് ഒട്ടേറെ വിലപ്പെട്ട വിവരങ്ങൾ നൽകുന്നുണ്ട്.

മൊറോക്കോയിലെ ടാൻജിയർ എന്ന നഗരത്തിലാണ് ഇബിൻ ബത്തൂത്ത ജനിച്ചത്. മധ്യേഷ്യയിലൂടെ കരമാർഗ്ഗം സഞ്ചരിച്ച ഇബിൻ ബത്തൂത്ത 1333 ൽ സിന്ധിലെത്തിച്ചേർന്നു. പിന്നീട് അദ്ദേഹം മുൾട്ടാൻ കടന്ന് ഉച്ച് വഴി ഡൽഹിയിൽ എത്തിച്ചേർന്നു. ഇബിൻ ബത്തൂത്തയുടെ പാണ്ഡിത്യത്തിൽ ആകൃഷ്ടനായ സുൽത്താൻ മുഹമ്മദ് ഇബിൻ തുഗ്ലക്ക് അദ്ദേഹത്തെ ഡൽഹി ഖാസിയായി അഥവാ ന്യായാധിപനായി നിയമിച്ചു. നിരവധി വർഷങ്ങൾ അദ്ദേഹം ആ സ്ഥാനത്ത് തുടർന്നു. പിന്നീടദ്ദേഹം തിരിച്ച് നാട്ടിലെത്തിയപ്പോൾ ബത്തൂത്തയുടെ യാത്രാവിവരണം തയ്യാറാക്കുക എന്ന ലക്ഷ്യത്തോടെ മൊറോക്കൻ ഭരണാധികാരി, ഇബിൻ ജുസായിയെ നിയോഗിച്ചു.

അപരിചിതമായ ഏതൊരു കാര്യത്തെയും പ്രാമുഖ്യത്തോടെ അവതരിപ്പിച്ച ആളായിരുന്നു ഇബിൻ ബത്തൂത്ത. തന്റെ വായനക്കാർക്ക് തികച്ചും അപരിചിതമായ നാളികേരത്തെയും വെറ്റിലയേയും വിശദീകരിക്കാൻ ഇബിൻ ബത്തൂത്ത സ്വീകരിച്ച ശൈലി ശ്രദ്ധേയമാണ്. മനുഷ്യ ശിരസ്സ് പോലെയുള്ള കായ എന്നാണ് അദ്ദേഹം നാളികേരത്തെ വിശേഷിപ്പിച്ചത്.

വലിയ ജനസംഖ്യയുള്ള, ഇന്ത്യയിലെ ഏറ്റവും വിശാലമായ നഗരമായാണ് ഡൽഹിയെ ഇബിൻ ബത്തൂത്ത വിശേഷിപ്പിച്ചത്. മഹാരാഷ്ട്രയിലെ ദൗലത്താബാദും ഒട്ടും ചെറുതായിരുന്നില്ല, മാത്രമല്ല വലുപ്പത്തിൽ ഡൽഹിയോട് കിടപിടിക്കുന്നതുമായിരുന്നു.

Edit with WPS Office

കമ്പോളങ്ങൾ സാമ്പത്തിക വിനിമയങ്ങൾക്കുള്ള സ്ഥലങ്ങൾ മാത്രമായിരുന്നില്ല, മറിച്ച് സാമൂഹിക-സാംസ്കാരിക പ്രവർത്തനങ്ങളുടെ കേന്ദ്രങ്ങൾ കൂടിയായിരുന്നു. മിക്ക കമ്പോളങ്ങളിലും ഒരു മുസ്ലീം പള്ളിയും ഒരു ക്ഷേത്രവും ഉണ്ടായിരുന്നു. കൂടാതെ അവയിൽ ചിലതിലെങ്കിലും നർത്തകർ, സംഗീതജ്ഞർ, ഗായകർ എന്നിവരുടെ പ്രകടനങ്ങൾക്കായുള്ള സ്ഥലങ്ങളുമുണ്ടായിരുന്നു.

ഇന്ത്യൻ തപാൽ സമ്പ്രദായം വളരെ കാര്യക്ഷമമായിരുന്നുവെന്ന് ഇബിൻ ബത്തൂത്ത അഭിപ്രായപ്പെടുന്നു. ഇന്ത്യയിൽ രണ്ടുതരം തപാൽ സമ്പ്രദായങ്ങൾ ഉണ്ട്. ഉലൂക്ക് എന്നറിയപ്പെടുന്ന കുതിര തപാൽ സാധ്യമാകുന്നത് ഓരോ നാല് മൈൽ അകലത്തിലും നിർത്തിയിരിക്കുന്ന രാജകീയ കുതിരകളെ കൊണ്ടാണ്. കാൽനട ത്തപാലിനെ 'ദാവ' എന്നായിരുന്നു വിളിച്ചിരുന്നത്. ഒരു മൈലിന്റെ മൂന്നിലൊന്ന് എന്നായിരുന്നു ദാവ എന്ന വാക്കിന്റെ അർത്ഥം. ഓരോ മൈലിലും കാൽനട ത്തപാലുകാർക്കായി മൂന്ന് സ്റ്റേഷനുകൾ ഉണ്ടായിരുന്നു.

1400 നും 1800 നും ഇടയിൽ ഒട്ടനവധി സഞ്ചാരികൾ ഇന്ത്യ സന്ദർശിച്ചിട്ടുണ്ട്. അവരിൽ ഒട്ടനവധിയാളുകൾ ഇന്ത്യയെക്കുറിച്ച് എഴുതിയിട്ടുണ്ട്. 1440 കളിൽ ദക്ഷിണേന്ത്യ സന്ദർശിച്ച അബ്ദുൾ റസാഖ് സമർഖണ്ഡി, 1620 കളിൽ ഇന്ത്യ സന്ദർശിച്ച മുഹമ്മദ് വാലി ബാൾക്കി, 1740 കളിൽ ഇന്ത്യ സന്ദർശിച്ച ഷെയ്ക്ക് അലി ഹാസിൻ എന്നിവരാണവരിൽ പ്രമുഖർ.

ഫ്രാങ്കോയിസ് ബർണ്ണിയർ

ഫ്രഞ്ചുകാരനായ ഫ്രാങ്കോയിസ് ബർണിയർ ഒരു ഡോക്ടറും രാഷ്ട്രീയ തത്വചിന്തകനും ചരിത്രകാരനും ആയിരുന്നു. 1656 മുതൽ 1668 വരെയുള്ള 12 വർഷങ്ങൾ അദ്ദേഹം ഇന്ത്യയിൽ ഉണ്ടായിരുന്നു ഷാജഹാൻ ചക്രവർത്തിയുടെ മൂത്ത പുത്രനായ ദാരാഷുക്കോ രാജകുമാരന്റെ ഡോക്ടർ എന്ന നിലയിലാണ് അദ്ദേഹം മുഗൾ കൊട്ടാരവുമായി അടുത്ത ബന്ധം സ്ഥാപിച്ചത്.

ബർണിയർ ഇന്ത്യയെക്കുറിച്ച് ധാരാളം എഴുതിയിട്ടുണ്ട്. ഇന്ത്യയിൽ കണ്ട കാര്യങ്ങളെ യൂറോപ്യൻ സാഹചര്യങ്ങളുമായി നിരന്തരം താരതമ്യം ചെയ്തു കൊണ്ടാണ് അദ്ദേഹം വിവരണങ്ങൾ തയ്യാറാക്കിയത്. തന്റെ പ്രധാന രചനകൾ ഫ്രഞ്ച് രാജാവായ ലൂയി പതിനാലാമനാണ് അദ്ദേഹം സമർപ്പിച്ചത്. ബർണിയറുടെ ഗ്രന്ഥമായ 'Travels in the Mughal Empire' വിശദമായ നിരീക്ഷണങ്ങൾ, വിമർശനാത്മകമായ ഉൾക്കാഴ്ച, പുനരാലോചന എന്നിവകൊണ്ട് ശ്രദ്ധേയമാണ്. മുഗളരുടെ ചരിത്രത്തെ ഒരു സാർവലൗകിക ചട്ടക്കൂടിൽ പ്രതിഷ്ഠിക്കാനുള്ള ശ്രമമാണ് അദ്ദേഹം നടത്തിയത്.

ബർണിയറുടെ കൃതികൾ 1670-71 ൽ ഫ്രാൻസിൽ വച്ച് പ്രസിദ്ധീകരിക്കപ്പെട്ടു. പിന്നീട് അവയെല്ലാം ഇംഗ്ലീഷ്, ഡച്ച്, ജർമ്മൻ, ഇറ്റാലിയൻ ഭാഷകളിലേക്ക് പരിഭാഷ ചെയ്യപ്പെട്ടു.

ഇന്ത്യൻ സാഹചര്യങ്ങളെ സമകാലീന യൂറോപ്യൻ, പ്രത്യേകിച്ച് ഫ്രഞ്ച് സാഹചര്യങ്ങളുമായി താരതമ്യം ചെയ്യുന്ന ഒരു ശൈലിയായിരുന്നു ബർണിയർ സ്വീകരിച്ചിരുന്നത്. ഇന്ത്യ യൂറോപ്പിന്റെ നേർ വിപരീതമാണെന്ന കാഴ്ചപ്പാടാണ് അദ്ദേഹം മുന്നോട്ടുവെച്ചത്. യൂറോപ്പിന്റെ മികവിന് പ്രാധാന്യം നൽകിയ അദ്ദേഹം തന്റെ രചനയിൽ ഇന്ത്യയെ ഇകഴ്ത്തിക്കാട്ടാനാണ് ശ്രമിച്ചത്. ഇന്ത്യ പാശ്ചാത്ത്യ ലോകത്തേക്കാൾ താഴ്ന്നതാണെന്ന തോന്നൽ അദ്ദേഹം സൃഷ്ടിച്ചു.

ബർണിയറുടെ അഭിപ്രായത്തിൽ മുഗൾ ഇന്ത്യയും യൂറോപ്പും തമ്മിലുള്ള അടിസ്ഥാനപരമായ വ്യത്യാസങ്ങളിൽ ഒന്ന് മുഗൾ ഇന്ത്യയിൽ ഭൂമിയുടെ സ്വകാര്യ സ്വത്തവകാശം ഇല്ല എന്നതാണ്. ഭൂമിയുടെ മേലുള്ള രാജാവിന്റെ ഉടമസ്ഥാവകാശം രാഷ്ട്രത്തിനും ജനങ്ങൾക്കും ഹാനികരമാണെന്ന് അദ്ദേഹം വിശ്വസിച്ചു. ഭൂമിയുടെ മുകളിലുള്ള രാജകീയ ഉടമസ്ഥതയെ അദ്ദേഹം എതിർക്കുന്നത് താഴെപ്പറയുന്ന കാരണങ്ങൾ കൊണ്ടാണ്.

*ഭൂവുടമകൾക്ക് അവരുടെ കൈവശമുള്ള ഭൂമി അവരുടെ മക്കൾക്ക് കൈമാറാൻ കഴിയുന്നില്ല.

*ഭൂമിയെ പരിപാലിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും യാതൊരുവിധ താൽപര്യവും പ്രകടിപ്പിച്ചില്ല

*ഇത് കൃഷിയുടെ തകർച്ചയ്ക്ക് വഴിയൊരുക്കി

*കുലീനരായ ഭരണ വർഗ്ഗത്തിന്റേതൊഴികെ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളുടെയും ജീവിതനിലവാരത്തെ അത് തകർത്തു.

Edit with WPS Office

ബർണിയർക്ക് മുഗൾ സാമ്രാജ്യത്തെക്കുറിച്ച് ഒട്ടും മതിപ്പുണ്ടായിരുന്നില്ല. അദ്ദേഹം മുഗൾ സാമ്രാജ്യത്തെ വിലയിരുത്തിയത് താഴെ പറയും പ്രകാരമാണ്.

*മുഗൾ രാജാവ് 'ഭിക്ഷാടകരുടെയും അപരിഷ്കൃതരുടെയും' രാജാവായിരുന്നു.

*മുഗൾ നഗരങ്ങളും പട്ടണങ്ങളും തകർന്നടിഞ്ഞതും 'ദുഷിച്ച വായുവാൽ' മലീമസവുമായിരുന്നു.

*രാജ്യത്തെ പാടങ്ങൾ കുറ്റിക്കാടുകളും രോഗകാരികളായ ചതുപ്പുകളും നിറഞ്ഞതാണ്.

ബർണിയറുടെ വിവരണങ്ങൾ പതിനെട്ടാം നൂറ്റാണ്ടു മുതൽക്കുതന്നെ പാശ്ചാത്യ സൈദ്ധാന്തികരെ സ്വാധീനിച്ചു. ഫ്രഞ്ചു തത്വചിന്തകനായ മോണ്ടെസ്ക്യു, ബർണിയറുടെ വിവരണങ്ങൾ പൗരസ്ത്യ സ്വേച്ഛാധിപത്യം (Oriental Despotism) എന്ന ആശയം വികസിപ്പിക്കുന്നതിന് ഉപയോഗപ്പെടുത്തി. ഏഷ്യയിലെ ഭരണാധികാരികൾക്ക് അവരുടെ പ്രജകളുടെ മേൽ സമ്പൂർണമായ അധികാരമുണ്ടായിരുന്നു എന്ന് ഈ സിദ്ധാന്തം വാദിക്കുന്നു. എല്ലാ ഭൂമിയും രാജാവിന്റെ ഉടമസ്ഥതയിലായിരുന്നു. സ്വകാര്യസ്വത്ത് ഉണ്ടായിരുന്നില്ല. ചക്രവർത്തിയും പ്രഭുക്കന്മാരും ഒഴികെയുള്ള മറ്റ് എല്ലാവരും വളരെ കഷ്ടപ്പെട്ടാണ് ജീവിച്ചിരുന്നത്. ഈ ആശയത്തെ പത്തൊമ്പതാം നൂറ്റാണ്ടിൽ കാറൽ മാർക്സ് വികസിപ്പിക്കുകയുണ്ടായി. അദ്ദേഹം വികസിപ്പിച്ചെടുത്ത സങ്കൽപത്തെ 'ഏഷ്യാറ്റിക് ഉൽപാദന രീതി' (Asiatic Mode of Production) എന്ന് വിളിക്കുന്നു

സുരേഷ്.കെ.ടി.

www.rrvgirls.com

Edit with WPS Office

## പ്രമേയം ഏഴ്

## വിജയനഗരം: ഒരു സാമ്രാജ്യ തലസ്ഥാനം

വിജയ നഗരം അഥവാ വിജയത്തിന്റെ നഗരം ഒരേ സമയം ഒരു നഗരത്തിന്റെയും ഒരു സാമ്രാജ്യത്തിന്റെയും പേരാണ്. 1336 ൽ ഹരിഹരനും ബുക്കനും ചേർന്നാണ് ഈ സാമ്രാജ്യം സ്ഥാപിച്ചത്. വടക്ക് കൃഷ്ണാനദി മുതൽ ഉപദ്വീപിന്റെ തെക്കേയറ്റം വരെ ഈ സാമ്രാജ്യം വ്യാപിച്ചു കിടന്നിരുന്നു. ലോക പൈതൃക പട്ടികയിലിടം പിടിച്ച കർണ്ണാടകയിലെ ഹംപിക്കു ചുറ്റുമാണ് ഈ സാമ്രാജ്യത്തിന്റെ ശേഷിപ്പുകൾ കാണപ്പെടുന്നത്. മധ്യകാല യൂറോപ്യൻ സഞ്ചാരികളുടെ രചനകളും, പ്രാദേശികഭാഷകളിൽ രചിക്കപ്പെട്ട സാഹിത്യകൃതികളും ഈ സാമ്രാജ്യ ചരിത്രത്തെക്കുറിച്ചുള്ള നിർണായക വിവരങ്ങൾ നൽകുന്നു. വിജയനഗരത്തിൽ നടന്ന പുരാവസ്തുഗവേഷണം ആ സാമ്രാജ്യം എത്രമാത്രം ശക്തവും സമൃദ്ധവും ആയിരുന്നു എന്ന് വെളിപ്പെടുത്തുന്നു.

മധ്യകാലഘട്ടത്തിൽ ദക്ഷിണേന്ത്യയിലെ ഏറ്റവും മഹത്തായ സാമ്രാജ്യമായിരുന്ന വിജയനഗരത്തിന്റെ തലസ്ഥാനമായിരുന്നു ഹംപി. ഹംപിയുടെ കണ്ടെത്തലിലൂടെ യാണ് വിജയനഗരത്തിന്റെ കഥ ആരംഭിക്കുന്നത്. ഒരു എഞ്ചിനീയറും പുരാവസ്തു ഗവേഷകനുമായിരുന്ന കേണൽ കോളിൻ മെക്കൻസിയാണ് 1800 ൽ ഹംപിയുടെ അവശിഷ്ടങ്ങൾ കണ്ടെത്തിയത്. ഈ സൈറ്റിന്റെ ആദ്യത്തെ സർവേ ഭൂപടം തയ്യാറാക്കിയത് അദ്ദേഹമാണ്. വിരൂപാക്ഷ ക്ഷേത്രത്തിലെയും പമ്പാദേവി ക്ഷേത്രത്തിലെയും പുരോഹിതന്മാരിൽ നിന്നാണ് ഹംപിയെ കുറിച്ചുള്ള ആദ്യ വിവരങ്ങൾ അദ്ദേഹത്തിന് ലഭിച്ചത്.

സംഗമ, സലുവ, തുളുവ, അരവിഡു എന്നീ നാല് രാജവംശങ്ങളുടെ ചരിത്രം കൂടിയാണ് വിജയനഗര സാമ്രാജ്യ ചരിത്രം.

### വിജയനഗരം - തലസ്ഥാനവും അതിന്റെ ചുറ്റുപാടുകളും

മിക്കവാറും എല്ലാ തലസ്ഥാനങ്ങളെയും പോലെ വിജയനഗരത്തിനും പ്രത്യേകമായ ഒരു ഭൗതിക രൂപരേഖയും കെട്ടിടനിർമ്മാണ ശൈലിയുമുണ്ടായിരുന്നു. വിജയനഗരം സന്ദർശിച്ച വിദേശ സഞ്ചാരികളെല്ലാം നഗരത്തെ വിസ്മയത്തോടെയാണ് നോക്കിക്കണ്ടത്.

### ജലസ്രോതസ്സുകൾ

തുംഗഭദ്ര നദി സൃഷ്ടിച്ച പ്രകൃതിദത്തമായ നദീതടത്തിലാണ് വിജയനഗരം സ്ഥിതി ചെയ്യുന്നത്.

ഉപദ്വീപിലെ ഏറ്റവും വരണ്ട മേഖലയാണ് വിജയനഗരം. കുടിവെള്ള പ്രശ്നം പരിഹരിക്കാനായി മഴവെള്ളം സംഭവിക്കാനുള്ള ക്രമീകരണങ്ങൾ അവർ നടത്തി. കമലാപുരം കുളവും ഹിരിയ കനാലും അവരുടെ ജല സാക്ഷരതയുടെ മികച്ച ഉദാഹരണങ്ങളാണ്. കമലാപുരം കുളത്തിൽ നിന്നുള്ള ജലം സമീപത്തെ പാടങ്ങൾ നനയ്ക്കുക മാത്രമല്ല മറിച്ച് രാജകീയ കേന്ദ്രത്തിലേക്ക് ഒരു കനാൽ മാർഗ്ഗം എത്തിക്കുക കൂടി ചെയ്തിരുന്നു. അക്കാലത്തെ ഏറ്റവും പ്രധാന ജലസേചനപദ്ധതി ഹിരിയ കനാൽ ആയിരുന്നു. തുംഗഭദ്ര നദി കുറുകെ കെട്ടിയ അണക്കെട്ടിൽ നിന്നും വെള്ളം ഈ കനാലിലൂടെ കൊണ്ടുവന്ന് വിശുദ്ധ കേന്ദ്രത്തെയും നഗര കേന്ദ്രത്തെയും വേർതിരിക്കുന്ന പാടങ്ങൾ നനച്ചു.

വിജയനഗരം കോട്ട

പേർഷ്യൻ ഭരണാധികാരി കോഴിക്കോട്ടേക്ക് അയച്ച നയതന്ത്രപ്രതിനിധിയായിരുന്ന അബ്ദുൽറസാഖ്, പോർച്ചുഗീസ് സഞ്ചാരിയായിരുന്ന ഡോമിംഗോ പയസ് എന്നിവർ വിജയം നഗര കോട്ടയുടെ വ്യക്തമായ ചിത്രം നമുക്ക് നൽകുന്നുണ്ട്.

അവരുടെ അഭിപ്രായത്തിൽ ഈ കോട്ട, നഗരത്തെ മാത്രമല്ല വലയം ചെയ്തിരുന്നത്, ഉൾപ്രദേശത്തുള്ള കാർഷിക ഭൂമികളെയും വനങ്ങളെയും അവ വലയം ചെയ്തിരുന്നു. ചുറ്റുമുള്ള

Edit with WPS Office

കുന്നുകളെയും കോട്ടമതിൽ ബന്ധിപ്പിച്ചു. കോട്ട മതിലുകളുടെ നിർമ്മാണത്തിന് ചാന്തോ തമ്മിൽ ബന്ധിപ്പിക്കാനുള്ള മറ്റെന്തെങ്കിലും വസ്തുവോ ഉപയോഗിച്ചിരുന്നില്ല. ആപ്പിന്റെ ആകൃതിയിലുള്ള കല്ലുകളാണ് ഉപയോഗിച്ചിരുന്നത്. കൃഷി ഭൂമിയെ വലയം ചെയ്തുകൊണ്ടായിരുന്നു കോട്ട നിർമ്മിച്ചിരുന്നത്. ഒന്നും രണ്ടും മൂന്നും കോട്ട മതിലുകൾക്കിടയിൽ കൃഷിഭൂമികളും, ഉദ്യാനങ്ങളും, വീടുകളും ഉണ്ടായിരുന്നു.

കൃഷിയിടങ്ങളെ കോട്ടയ്ക്കകത്തുതന്നെ നിർത്തിയിരുന്നത് എന്തിനായിരുന്നു? മധ്യകാലഘട്ടത്തിൽ കോട്ടകൾ വളഞ്ഞ് പ്രതിയോഗികളെ കീഴ്പ്പെടുത്തുക എന്ന യുദ്ധതന്ത്രം പ്രയോഗിച്ചിരുന്നു. ഇത്തരം ഉപരോധങ്ങൾ നിരവധി മാസങ്ങളും ചിലപ്പോൾ വർഷങ്ങളും നീണ്ടു നിന്നിരുന്നു. ഇതിനെ മറികടക്കാനായാണ് ധാന്യ പുരകളും, കൃഷിയിടങ്ങളും അവർ കോട്ടയ്ക്കകത്തു തന്നെ നിർമ്മിച്ചത്.

രാജകീയ കേന്ദ്രം കോട്ടയുടെ മൂന്നാം നിരയ്ക്കുകത്തായിരുന്നു നിർമ്മിക്കപ്പെട്ടത്. രാജകീയ കേന്ദ്രത്തിലെ എല്ലാ പ്രധാന കെട്ടിടങ്ങൾക്കും സ്വന്തമായ ഉയർന്ന ചുറ്റുമതിലുകൾ ഉണ്ടായിരുന്നു. അധിവാസ മേഖലയുടെ തെക്കുപടിഞ്ഞാറൻ ഭാഗത്താണ് രാജകീയ കേന്ദ്രം സ്ഥിതി ചെയ്യുന്നത്. രാജകീയ കേന്ദ്രത്തിനകത്ത് അറുപതിലധികം ക്ഷേത്രങ്ങളുണ്ടായിരുന്നു. തങ്ങളുടെ ആധിപത്യം പ്രകടിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ ഭരണാധികാരികളായിരുന്നു മിക്കവാറും ക്ഷേത്രങ്ങൾ പണിതത്. ഏകദേശം മുപ്പതോളം കൊട്ടാരങ്ങളും അവിടെ ഉണ്ടായിരുന്നു. കൊട്ടാരങ്ങളും ക്ഷേത്രങ്ങളും തമ്മിലുള്ള ഒരു വ്യത്യാസം ക്ഷേത്രങ്ങൾ നിർമ്മിക്കപ്പെട്ടിരിക്കുന്നത് മുഴുവനായും കല്ലുകൊണ്ട് ആയിരുന്നുവെങ്കിൽ കൊട്ടാരങ്ങൾ നിർമ്മിക്കപ്പെട്ടത് നശിക്കുന്ന വസ്തുക്കൾ കൊണ്ടായിരുന്നു എന്നതാണ്.

കെട്ടിടങ്ങളുടെ രൂപത്തിന്റെയും അവ നിറവേറ്റിയ ചുമതലകളുടെയും അടിസ്ഥാനത്തിലാണ് ഈ പ്രദേശത്തെ കെട്ടിടങ്ങൾക്ക് പേരുകൾ നൽകിയിരുന്നത്. ഇവിടെയുണ്ടായിരുന്ന കെട്ടിടങ്ങളിൽ ഏറ്റവും വലുത് രാജാവിന്റെ കൊട്ടാരമാണ് (Kings Palace). ഇതിന് ആരെയും ആകർഷിക്കുന്ന രണ്ട് മണ്ഡപങ്ങൾ ഉണ്ടായിരുന്നു. ശ്രോതാക്കളുടെ മുറിയും (audience hall), മഹാനവമി ദിബ്ബയുമാണവ.

നഗരത്തിലെ ഏറ്റവും ഉയർന്ന സ്ഥലങ്ങളിലൊന്നിൽ സ്ഥിതിചെയ്തിരുന്ന മഹാനവമി ദിബ്ബ 40 അടി ഉയരവും 11,000 ചതുരശ്ര അടി വിസ്തീർണമുള്ള വിശാലമായ ഒരു മണ്ഡപമാണ്. ഇതിന്റെ തറ ഭാഗം കൊത്തുപണികളാൽ അലങ്കരിക്കപ്പെട്ടിരുന്നു.

മഹാനവമി ദിബ്ബ കേന്ദ്രീകരിച്ച് നിരവധി ആചാരങ്ങൾ നടന്നിരുന്നു. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട തായിരുന്നു സപ്തംബർ , ഒക്ടോബർ മാസങ്ങളിലായി നടത്തപ്പെട്ട മഹാനവമി ആഘോഷം. പത്ത് ദിവസം നീണ്ടു നിന്ന ഹൈന്ദവ ആഘോഷമായിരുന്നു അത്. വിജയനഗര ഭരണാധികാരികൾ തങ്ങളുടെ ശക്തിയും അന്തസ്സും പ്രകടിപ്പിക്കുവാനുള്ള ഒരു വേദിയായി ഇതിനെ പ്രയോജനപ്പെടുത്തിയിരുന്നു.

രാജകീയ കേന്ദ്രത്തിലെ ഏറ്റവും മനോഹരമായ കെട്ടിടങ്ങളിൽ ഒന്ന് ലോട്ടസ് മഹൽ ആയിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിൽ ബ്രിട്ടീഷ് സഞ്ചാരികളാണ് ഇതിന് ഈ പേരിട്ടത്. രാജകീയ കേന്ദ്രത്തിൽ സ്ഥിതിചെയ്തിരുന്ന ഏറ്റവും പകിട്ടേറിയ ക്ഷേത്രങ്ങളിലൊന്ന് ഹസാര രാമക്ഷേത്രമായിരുന്നു. രാജാവും അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളും മാത്രമാണ് ഈ ക്ഷേത്രം ഉപയോഗിച്ചിരുന്നതെന്ന് കരുതപ്പെടുന്നു. രാമായണ രംഗങ്ങൾ ഈ ക്ഷേത്രത്തിന്റെ ചുവരുകളിൽ കൊത്തിവെച്ചിരുന്നു.

തുംഗഭദ്രാ നദിക്കരയിൽ, പാറക്കൂട്ടങ്ങൾ നിറഞ്ഞ വടക്കൻ മേഖലയിലാണ് വിശുദ്ധ കേന്ദ്രം സ്ഥിതി ചെയ്തിരുന്നത്. പ്രാദേശിക പാരമ്പര്യങ്ങൾ അനുസരിച്ച് ഈ കുന്നുകളിലാണ് രാമായണത്തിൽ പരാമർശിക്കുന്ന ബാലി, സുഗ്രീവൻ എന്നിവരുടെ വാനര രാജ്യം നിലനിന്നത്. മറ്റു പാരമ്പര്യങ്ങൾ അനുസരിച്ച് പ്രാദേശിക മാതൃ ദേവതയായ പമ്പാദേവി രാജ്യത്തിന്റെ രക്ഷാദേവതയും ശിവന്റെ മറ്റൊരു രൂപമായ വിരൂപാക്ഷനെ വിവാഹം കഴിക്കാനായി തപസ്സനുഷ്ഠിച്ചത് ഈ കുന്നുകളിലാണ്.

Edit with WPS Office

ഈ പ്രദേശത്തെ ക്ഷേത്രനിർമ്മാണത്തിന് ചോള, ഹൊയ്സാല, ചാലൂക്യ, പല്ലവ തുടങ്ങിയ രാജവംശങ്ങളോളം പഴക്കമുള്ള ദീർഘമായ ഒരു ചരിത്രമുണ്ട്. രക്ഷാ ദേവനായ വിരൂപാക്ഷ ദേവന്റെ പേരിലാണ് തങ്ങൾ ഭരണം നടത്തുന്നതെന്ന് വിജയനഗര രാജാക്കന്മാർ അവകാശപ്പെട്ടിരുന്നു. 'ഹിന്ദു സുരത്രാണ' എന്ന സ്ഥാനപ്പേരും അവർ സ്വീകരിച്ചിരുന്നു. ഇത് രാജാവ് എന്ന് അർത്ഥം വരുന്ന അറബി വാക്കായ സുൽത്താൻ എന്നതിന്റെ സംസ്കൃത വൽക്കരണം ആയിരുന്നു. അപ്പോൾ ഈ വാക്കിന്റെ അർത്ഥം ഹിന്ദു സുൽത്താൻ എന്നാണ്.

ഈ കാലഘട്ടത്തിൽ ക്ഷേത്ര വാസ്തുവിദ്യയിൽ ചില പുതിയ സവിശേഷതകൾ പ്രത്യക്ഷപ്പെട്ടു. ക്ഷേത്രത്തിനു മുന്നിൽ വലിയ കവാടങ്ങൾ ഇക്കാലത്ത് നിർമ്മിക്കപ്പെട്ടു. രായ ഗോപുരങ്ങൾ എന്നാണ് അവ അറിയപ്പെടുന്നത്. മണ്ഡപങ്ങളുടെ നിർമ്മാണമായിരുന്നു മറ്റൊരു പ്രധാന സവിശേഷത. കൊത്തുപണികളാൽ അലങ്കരിക്കപ്പെട്ട നിരവധി തൂണുകൾ മണ്ഡപങ്ങളിൽ ഉണ്ടായിരുന്നു. വിശുദ്ധ കേന്ദ്രങ്ങളിലെ ക്ഷേത്രങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട രണ്ടെണ്ണമാണ് വിരൂപാക്ഷ ക്ഷേത്രവും, വിട്ടല ക്ഷേത്രവും. മഹാരാഷ്ട്രയിൽ പൊതുവെ ആരാധിക്കപ്പെട്ടിരുന്ന വിഷ്ണുവിന്റെ രൂപമായിരുന്നു വിട്ടല. ക്ഷേത്ര നിർമ്മാണ രംഗത്തെ പാരമ്പര്യങ്ങൾ പിന്നിട് നായകന്മാരും പിന്തുടരുകയുണ്ടായി.

## പ്രമേയം പതിനൊന്ന്

## കലാപകാരികളും രാജും

ബ്രിട്ടീഷ് സൈന്യത്തിലെ ഇന്ത്യൻ പടയാളികൾ അഥവാ ശിപായികൾ തുടക്കം കുറിച്ച കലാപമാണ് പിന്നീട് 1857ലെ വിപ്ലവമായി മാറിയത്. 1857 മെയ് 10ന് മീററ്റിലെ സൈനിക ക്യാമ്പിലാണ് കലാപം പൊട്ടിപ്പുറപ്പെട്ടത്. കാലാൾപ്പടയാരംഭിച്ച കലാപം പിന്നീട് കുതിരപ്പടയിലേക്കും നഗരങ്ങളിലേക്കും വ്യാപിച്ചു. കലാപകാരികൾ ആയുധശാലകൾ പിടിച്ചെടുക്കുകയും ട്രഷറികൾ കൊള്ളയടിക്കുകയും ചെയ്തു. ജയിൽ, കോടതി, പോസ്റ്റോഫീസ്, ടെലഗ്രാഫ് ഓഫീസ്, ബംഗ്ലാവുകൾ, ട്രഷറികൾ തുടങ്ങിയ സർക്കാർ സ്ഥാപനങ്ങൾ അവർ ആക്രമിച്ചു നശിപ്പിച്ചു. തുടർന്ന് ശിപായിമാർ ഡൽഹിയിലേക്ക് നീങ്ങി. നഗരത്തിലെ സാധാരണ ജനങ്ങളും അവരോടൊപ്പം ചേർന്നു. കലാപകാരികൾ മുഗൾ ചക്രവർത്തിയായ ബഹദൂർഷായോട് കലാപത്തിന്റെ നേതൃത്വം ഏറ്റെടുക്കണമെന്ന് അഭ്യർത്ഥിച്ചു. തുടർന്നദ്ദേഹം കലാപത്തിന്റെ നേതൃത്വം ഏറ്റെടുത്തു. കലാപത്തിന്റെ നേതൃത്വം ബാദുഷ ഏറ്റെടുത്തതോടെ കലാപത്തിന് ഒരു നിയമ സാധുത കൈവന്നു. കലാപം മുഗൾ ചക്രവർത്തിയുടെ പേരിൽ മുന്നോട്ടു കൊണ്ടുപോകുവാൻ കഴിഞ്ഞു.

പട്ടാള താവളങ്ങളിൽ ആരംഭിച്ച കലാപങ്ങളെല്ലാം ഒരു സമാന മാതൃക പിന്തുടർന്നിരുന്നു. വിവിധ പട്ടാള ക്യാമ്പുകളിലുണ്ടായിരുന്ന സൈനികർക്കിടയിൽ ആശയവിനിമയം നിലനിന്നിരുന്നു. ഉദാഹരണത്തിന് അവധിലെ അശ്വ സൈന്യം പുതിയ തിരകൾ ഉപയോഗിക്കാൻ വിസമ്മതിച്ച ശേഷം ഈ വിവരം കാലാൾപ്പടയെ അറിയിച്ചു. ശിപായിമാർ ഒരു കേന്ദ്രത്തിൽ നിന്ന് മറ്റൊരു കേന്ദ്രത്തിലേക്ക് മുന്നേറി. ജനങ്ങളുടെ ഇടയിൽ കലാപം ഒരു ചർച്ചാവിഷയമായി ഉയർന്നുവന്നു.

### നേതാക്കന്മാരും അനുയായികളും

ബ്രിട്ടീഷുകാർക്കെതിരെ പോരാടാൻ കലാപകാരികൾക്ക് നേതൃത്വവും സംഘടനയും ആവശ്യമായിരുന്നു. മുഗൾ ചക്രവർത്തിയായ ബഹദൂർഷായോട് കലാപത്തിന്റെ നേതൃത്വം ഏറ്റെടുക്കാൻ അവർ അഭ്യർത്ഥിച്ചു. ഈ അഭ്യർത്ഥന ബഹദൂർഷ ആദ്യം നിരാകരിച്ചെങ്കിലും പിന്നീട് കലാപകാരികളുടെ നിർബന്ധത്തിനു വഴങ്ങി അദ്ദേഹം നേതൃത്വമേറ്റെടുത്തു.

പേഷ്വ ബാജിറാവു രണ്ടാമന്റെ പിൻഗാമിയായിരുന്ന നാനാസാഹിബായിരുന്നു കാൺപൂരിൽ കലാപത്തിന് നേതൃത്വം നൽകിയത്. ഝാൻസിയിൽ റാണി ലക്ഷ്മി ഭായ് കലാപത്തിന്റെ നേതൃത്വം ഏറ്റെടുത്തു. ജനകീയ ആവശ്യത്തെ തുടർന്ന് ആറയിലെ കലാപത്തിന്റെ നേതൃത്വം ഏറ്റെടുക്കാൻ ഒരു പ്രാദേശിക സമീന്ദാറായ കൻവർ സിംഗ് തയ്യാറായി. അവധിലെ നവാബായ വാജിദ് അലിഷായെ

Edit with WPS Office

ബ്രിട്ടീഷുകാർ സ്ഥാനഭ്രഷ്ടനാക്കിയതും ആ രാജ്യം പിടിച്ചെടുത്തതും ജനങ്ങളെ അസംതൃപ്തരാക്കിയിരുന്നു. നവാബിന്റെ ഇളയമകനായ ബിർജിസ് ഖാദറിനെ തങ്ങളുടെ നേതാവായി പ്രഖ്യാപിച്ചുകൊണ്ടാണ് ജനങ്ങൾ തങ്ങളുടെ സന്തോഷം പ്രകടിപ്പിച്ചത്. പലയിടങ്ങളിലും പ്രാദേശിക നേതാക്കന്മാരും കലാപത്തിന് നേതൃത്വം നൽകുകയുണ്ടായി. ഇവർ കർഷകരേയും, സമീന്ദാർമാരെയും, ഗോത്രവർഗക്കാരെയും കലാപത്തിന് പ്രേരിപ്പിച്ചു. ഉത്തർപ്രദേശിലെ ബരൗട്ടിലെ ഷാ മൽ, കോൾ മേഖലയിലെ ഗോത്ര വിഭാഗങ്ങളുടെ നേതാവായി ഉയർന്നു വന്ന, ചോട്ടാനാഗ്പൂരിലെ കർഷകനായ ഗോനു തുടങ്ങിയവർ പ്രാദേശിക തലങ്ങളിൽ കലാപത്തിന് നേതൃത്വം നൽകി.

**<u>കിംവദന്തികളും പ്രവചനങ്ങളും</u>**

1857-ലെ കലാപത്തിൽ കിംവദന്തികളും പ്രവചനങ്ങളും പ്രധാന പങ്കു വഹിക്കുകയുണ്ടായി. സൈന്യത്തിൽ പുതുതായി ഉപയോഗിച്ചു തുടങ്ങിയ തോക്കിൽ ഉപയോഗിക്കുന്ന തിര പൊതിഞ്ഞ കടലാസിലുള്ള കൊഴുപ്പ് പന്നിയുടെയും, പശുവിന്റെയും ആണെന്ന അഭ്യൂഹം അവിടെ പടർന്നിരുന്നു. അത് തങ്ങളുടെ മതവിശ്വാസത്തെ തകർക്കുവാനുള്ള ബോധപൂർവ്വമായ ശ്രമത്തിന്റെ ഭാഗമാണെന്ന് അവർ കരുതി. പശുവിന്റെയും പന്നിയുടെയും എല്ലുപൊടി ധാന്യപ്പൊടിയിൽ ചേർത്ത് കമ്പോളത്തിൽ വിളിക്കുന്നുണ്ടെന്ന കിംവദന്തിയും പ്രചരിച്ചിരുന്നു. ബ്രിട്ടീഷുകാർ ഇന്ത്യക്കാരെ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യിക്കാൻ ശ്രമിക്കുന്നുണ്ടെന്ന അഭ്യൂഹവും അവിടെ പ്രചരിച്ചിരുന്നു.

**<u>എന്തുകൊണ്ട് ജനങ്ങൾ അഭ്യൂഹങ്ങളിൽ വിശ്വസിച്ചു?</u>**

മുൻ അനുഭവങ്ങളാണ് ഈ അഭ്യൂഹങ്ങൾ വിശ്വസിക്കാൻ സൈനികരെ പ്രേരിപ്പിച്ചത്. 1820 കളിൽ ബ്രിട്ടീഷുകാർ പിന്തുടർന്ന നയങ്ങൾ ജനങ്ങളിൽ ആശങ്ക വളർത്തിയിരുന്നു. സതി നിരോധനം, വിധവാ പുനർ വിവാഹം തുടങ്ങിയ സാമൂഹ്യ പരിഷ്കരണ നിയമങ്ങൾ , പാശ്ചാത്യവിദ്യാഭ്യാസം, പാശ്ചാത്യ ആശയം എന്നിവയുടെ പ്രചാരണം, മതചിഹ്നങ്ങൾ സൈനികർ ഉപയോഗിക്കാൻ പാടില്ല എന്ന നിയമം, സൈനികർക്കിടയിൽ ക്രൈസ്തവ വിശ്വാസം പ്രചരിപ്പിക്കാനുള്ള ബോധപൂർവ്വമായ ശ്രമം എന്നിവയെല്ലാം തങ്ങളുടെ മതവിശ്വാസത്തെ തകർക്കാൻ ബ്രിട്ടീഷുകാർ ആവിഷ്കരിച്ച തന്ത്രങ്ങളാണെന്ന വിശ്വാസം സൈനികർക്കിടയിടയിലുണ്ടായിരുന്നു. അതുകൊണ്ടായിരുന്നു അവർ അഭ്യൂഹങ്ങളിൽ വിശ്വസിച്ചത്.

www.rrvgirls.com

**<u>കലാപത്തിന്റെ ചിത്രീകരണങ്ങൾ</u>**

കലാപത്തെക്കുറിച്ചുള്ള ധാരാളം ഔദ്യോഗിക രേഖകൾ നമുക്ക് ലഭ്യമാണ്. ഈ ഔദ്യോഗിക രേഖകൾ ഉദ്യോഗസ്ഥരുടെ ഭീതികളെക്കുറിച്ചും ഉൽക്കണ്ഠകളെ കുറിച്ചും വിവരങ്ങൾ നൽകുന്നു. കലാപത്തെക്കുറിച്ചുള്ള പല കഥകളും ബ്രിട്ടീഷ് വാർത്താ പത്രങ്ങളിലും മാസികകളിലും പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു. കലാപകാരികൾ നടത്തിയ അതിക്രമങ്ങളെ കുറിച്ചുള്ള വിശദമായ വിവരങ്ങൾ അവയിൽ വർണ്ണിക്കുന്നുണ്ട്.

കലാപത്തേക്കുറിച്ചുള്ള ഒരു പ്രധാന രേഖ ബ്രിട്ടീഷുകാരും ഇന്ത്യക്കാരും രചിച്ച ഛായാചിത്രങ്ങളാണ്. ബ്രിട്ടീഷ് ചിത്രങ്ങളിൽ പല തരത്തിലുള്ള ചിത്രീകരണങ്ങൾ ഉണ്ട്. പൊതുജന വികാരം ഇളക്കി വിടാനും അവരിൽ പ്രതികരണ മനോഭാവം സൃഷ്ടിക്കാനുമാണ് ഈ ചിത്രങ്ങളിലൂടെ അവർ ശ്രമിച്ചത്. അവയിൽ ചിലത് കലാപകാരികളെ അടിച്ചമർത്തുകയും, ഇംഗ്ലീഷുകാരെ രക്ഷിക്കുകയും ചെയ്ത ബ്രിട്ടീഷ് നായകരെ പ്രവർത്തിക്കുന്നവയാണ്.

തോമസ് ജോൺസ് ബാർക്കർ വരച്ച 'റിലീഫ് ഓഫ് ലക്നൗ' ഇത്തരത്തിലുള്ള ചിത്രങ്ങൾക്ക് ഒരു ഉദാഹരണമാണ്. ലക്നൗവിനെതിരെയുള്ള കലാപകാരികളുടെ ആക്രമണവും അതിനെതിരെ ക്യാംബെൽ, ഔട്ട്റാം, ഹാവ് ലോക്ക് എന്നിവർ നടത്തിയ ധീരമായ ചെറുത്തു നിൽപ്പുമാണ് ഈ ചിത്രത്തിന്റെ പ്രമേയം. ബ്രിട്ടീഷ് വനിതകൾക്കും കുട്ടികൾക്കും എതിരെ കലാപകാരികൾ നടത്തിയ അതിക്രമങ്ങൾ ആയിരുന്നു ജോസഫ് നോയൽ പാറ്റന്റെ 'ഇൻ മെമ്മോറി' യത്തിന്റെ പ്രമേയം.

Edit with WPS Office

കാൺപൂരിലെ ആക്രമണകാരികളായ കലാപകാരികളെ സധൈര്യം നേരിടുന്ന മിസ്സ് വീലറിന്റെ ചിത്രവും പ്രാധാന്യമർഹിക്കുന്ന ചിത്രങ്ങളിലൊന്നാണ്. പഞ്ച് എന്ന ബ്രിട്ടിഷ് മാസികയിൽ പ്രസിദ്ധീകരിക്കപ്പെട്ട 'ജസ്റ്റിസ് ', 'ബംഗാൾ കടുവയ്ക്കു നേരെ ബ്രിട്ടീഷ് സിംഹത്തിന്റെ പ്രതികാരം', 'കാനിങ്ങിന്റെ കാരുണ്യം', 'പെഷവാറിൽ കലാപകാരികളുടെ വധശിക്ഷ' തുടങ്ങിയ ഒട്ടനവധി ചിത്രങ്ങൾ ഇക്കാലത്ത് വരയ്ക്കപ്പെട്ടിട്ടുണ്ട്.

ഇരുപതാം നൂറ്റാണ്ടിലെ ദേശീയപ്രസ്ഥാനം 1857 ലെ സംഭവവികാസങ്ങളിൽ നിന്ന് പ്രചോദനമുൾക്കൊണ്ടിട്ടുണ്ട്. കലാപ നേതാക്കന്മാർ കലകളിലും സാഹിത്യങ്ങളിലും വീരന്മാരായി അവതരിപ്പിക്കപ്പെട്ടു. ഝാൻസി റാണി താന്തിയാതോപ്പി തുടങ്ങിയ ഒട്ടനവധി വ്യക്തിത്വങ്ങൾ കേന്ദ്ര കഥാപാത്രങ്ങളായി ഒട്ടനവധി സാഹിത്യസൃഷ്ടികൾ ഇക്കാലത്ത് രചിക്കപ്പെടുകയുണ്ടായി. " അവൾ ഒരു പുരുഷനെ പോലെ പോരാടി, അവൾ ഝാൻസിയിലെ റാണി ആയിരുന്നു " ( ഖൂബ് ലാരി മർദാനി വോ തോ ഝാൻസി വാലീ റാണീ ഥീ) എന്നാണ് ഝാൻസി റാണിയെ കുറിച്ച് സുഭദ്രകുമാരി ചൗഹാൻ എഴുതിയത്.

അവ ചിത്രീകരിച്ച ചിത്രകാരന്മാർ ആ സംഭവങ്ങളെ എങ്ങനെ കണ്ടുവെന്നും അവർക്ക് എന്താണ് അനുഭവവേദ്യമായതെന്നും, അവർ എന്താണ് നമ്മെ അറിയിക്കാൻ ശ്രമിച്ചതെന്നും ഈ ചിത്രങ്ങൾ വെളിവാക്കുന്നു. ബ്രിട്ടനിൽ പ്രചരിച്ചിരുന്ന ചിത്രങ്ങൾ കലാപകാരികളെ ക്രൂരമായി അടിച്ചമർത്തുന്നതിന്നനുകൂലമായ മനോഭാവം ബ്രിട്ടീഷുകാരിൽ സൃഷ്ടിക്കാൻ പര്യാപ്തമായിരുന്നു. അതേ സമയം ഇന്ത്യൻ ചിത്രങ്ങൾ ഇന്ത്യക്കാരുടെ മനസ്സിൽ ദേശീയ ബോധം സൃഷ്ടിക്കാനും വഴിയൊരുക്കി.

## പാഠം 12

## മഹാത്മാ ഗാന്ധിയും ഇന്ത്യൻ ദേശീയ പ്രസ്ഥാനവും

ഇന്ത്യൻ സ്വാതന്ത്രസമരത്തിൽ സജീവമാകുന്നതിന് മുമ്പ് ഗാന്ധിജി ചില സമരങ്ങൾ ഏറ്റെടുത്തു നടത്തുകയുണ്ടായി ചമ്പാരൻ സത്യാഗ്രഹം, അഹമ്മദാബാദ് മിൽ സമരം, ഖേദ കർഷകസമരം എന്നിവയാണവ. ഗാന്ധിജിയുടെ ആദ്യ കാല സമരങ്ങൾ എന്നാണ് അവ അറിയപ്പെടുന്നത്.

ബിഹാറിലെ നീലം കർഷകരുടെ അവസ്ഥ തികച്ചും ശോചനീയമായിരുന്നു. അവിടെ നിലവിലുണ്ടായിരുന്ന തീൻ ഗാതിയ വ്യവസ്ഥപ്രകാരം കർഷകർ അവരുടെ ഭൂമിയുടെ ഇരുപതിൽ മൂന്നു ഭാഗം നിർബന്ധമായും നീലം കൃഷി ചെയ്യണമായിരുന്നു. എന്നുമാത്രമല്ല അത് ബ്രിട്ടീഷുകാർ നിശ്ചയിച്ച വിലയ്ക്ക് അവർക്ക് നൽകുകയും വേണമായിരുന്നു ഈ സാഹചര്യത്തിലായിരുന്നു നീലം കർഷകർ 1917 ൽ സമരരംഗത്ത് ഇറങ്ങിയത്തുടങ്ങിയത് ഗാന്ധിജിയുടെ ഇടപെടലിനെ തുടർന്ന് ഈ സമരം വിജയിച്ചു.

1918 ൽ ഗാന്ധിജി ഏറ്റെടുത്ത സമരമായിരുന്നു അഹമ്മദാബാദ് മിൽ സമരം. കൂലി വർധന വേണ്ടി തൊഴിലാളികൾ സമര രംഗത്തായിരുന്നു. ഗാന്ധിജിയുടെ ഇടപെടലിനെ തുടർന്ന് കൂലി വർധനവ് അംഗീകരിക്കാൻ മുതലാളിമാർ തയ്യാറായി.

1918 ൽ തന്നെ ഗാന്ധിജി എടുത്ത മറ്റൊരു ഒരു സമരമായിരുന്നു ഖേദ കർഷക സമരം. വൻ കൃഷി നാശത്തെ തുടർന്ന് നികുതി ഇളവ് ആവശ്യപ്പെട്ട് കർഷകർ നടത്തിയ സമരമായിരുന്നു അത്. ഗാന്ധിജിയുടെ ഇടപെടലിനെ തുടർന്ന് നികുതിനിരക്ക് കുറയ്ക്കുവാൻ ഭരണാധികാരികൾ തയ്യാറായി ആയി. ഈ സമരത്തിലൂടെയാണ് ആണ് സർദാർ വല്ല ഭായ് പട്ടേൽ ഇന്ത്യൻ ഇന്ത്യൻ സ്വാതന്ത്ര സമര രംഗത്തേക്ക് കടന്നുവന്നത്.

1919 ൽ ബ്രിട്ടീഷുകാർ പാസാക്കിയ റൗലറ്റ് നിയമവും അതിനെത്തുടർന്ന് ഇന്ത്യയിൽ ഉണ്ടായ സാഹചര്യമാണ് ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിൽ സജീവമാവാൻ ഗാന്ധിജിയെ പ്രേരിപ്പിച്ചത്. വിചാരണ കൂടാതെ ഏതൊരു വ്യക്തിയെയും അറസ്റ്റ് ചെയ്തു ജയിലിലടക്കാൻ ഈ നിയമം പൊലീസുകാർക്ക് അധികാരം നൽകി. ഈ സാഹചര്യത്തിലാണ് ഇതിനെതിരെ ഒരു സത്യാഗ്രഹ സഭ രൂപീകരിച്ചുകൊണ്ട്

Edit with WPS Office

ഗാന്ധിജി സമരരംഗത്ത് വന്നത്.

റൗലറ്റ് നിയമവിരുദ്ധ പ്രക്ഷോഭത്തിനിടയിലെ ദാരുണമായ സംഭവം ആയിരുന്നു 1919 ഏപ്രിൽ 13 ന് പഞ്ചാബിലെ അമൃതസറിൽ നടന്ന ജാലിയൻവാലാബാഗ് കൂട്ടക്കൊല. പഞ്ചാബിലെ ജനകീയ നേതാക്കളായ ഡോക്ടർ സത്യപാലിനെയും കിച്ലുവിനെയും അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിക്കാൻ ജാലിയൻവാലാബാഗിൽ എത്തിയ ആബാലവൃദ്ധം ജനങ്ങളെയും ഭയപ്പെടുത്തി സമരത്തെ ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ ജനറൽ ഡയർ തൻറെ സൈന്യത്തെ ഉപയോഗിച്ച് നിരായുധരായ ജനക്കൂട്ടത്തിന്റെ നേർക്ക് നിറയൊഴിച്ചു. തങ്ങളുടെ കയ്യിലുള്ള വെടിയുണ്ടകൾ തീരുന്നതുവരെ സൈന്യം വെടിയുതിർത്തു ഔദ്യോഗിക കണക്കനുസരിച്ച് 379 പേർ കൊല്ലപ്പെടുകയും 1500 ഏറെ പേർക്ക് മുറിവേൽക്കുകയും ചെയ്തു മരിച്ചവരുടെയും പരിക്കേറ്റവരുടെയും എണ്ണം അനൗദ്യോഗിക കണക്കനുസരിച്ച് എത്രയോ കൂടുതലാണ്.

<u>നിസ്സഹകരണ പ്രസ്ഥാനം</u>

1920 ൽ നാഗ്പൂരിൽ ചേർന്ന കോൺഗ്രസ് സമ്മേളനത്തിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഗാന്ധിജി ആരംഭിച്ച സമരമാണ് നിസ്സഹകരണ പ്രസ്ഥാനം. നിസ്സഹകരണ പ്രസ്ഥാനത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.

1. പഞ്ചാബിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുക

2. ഖിലാഫത്ത് പ്രശ്നങ്ങൾക്ക് പരിഹാരം കാണുക

3. സ്വരാജ് നേടുക

www.rrvgirls.com

ക്രിയാത്മകവും നിഷേധാത്മകമായ പരിപാടികൾ ഉൾപ്പെടുന്നതായിരുന്നു നിസ്സഹരണ പ്രസ്ഥാനം.

സ്വദേശി പ്രചാരണം, അയിത്തോച്ചാടനം, ഹിന്ദു മുസ്ലിം മൈത്രി ശക്തിപ്പെടുത്തൽ, ദേശീയ വിദ്യാഭ്യാസ പ്രചാരണം, ഖാദിയുടെയും ചർക്കയുടേയും പ്രചാരണം എന്നിവയായിരുന്നു ക്രിയാത്മകമായ പരിപാടികൾ

ബഹിഷ്കരണം ആയിരുന്നു നിഷേധാത്മകമായ സമരമുറ, ബ്രിട്ടീഷ് കോടതികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, നിയമ നിർമ്മാണ സഭകൾ, വിദേശ വസ്ത്രങ്ങൾ, ഉൽപ്പന്നങ്ങൾ എന്നിവയുടെ ബഹിഷ്കരണം അക്കാലത്ത് നടക്കുകയുണ്ടായി.

നിസ്സഹകരണ സമരം കുറഞ്ഞ നാളുകൾ കൊണ്ട് തന്നെ ഒരു ബഹുജന പ്രസ്ഥാനമായി മാറി കർഷകർ, കർഷകത്തൊഴിലാളികൾ, തൊഴിലാളികൾ, വിദ്യാർത്ഥികൾ, സ്ത്രീകൾ എന്ന് വേണ്ട സമൂഹത്തിന്റെ സമസ്തമേഖലയിലേയും ജനങ്ങൾ ഈ സമരത്തിൽ പങ്കാളിയായി. എന്ന് മാത്രമല്ല ഈ സമരം വളരെ ചുരുങ്ങിയ കാലം കൊണ്ട് തന്നെ ഇന്ത്യയുടെ മുക്കിലും മൂലയിലും വ്യാപിക്കുകയും ചെയ്തു.

<u>ഗാന്ധി ഒരു ജനകീയനേതാവ്</u>

ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തെ ഒരു ജനകീയ പ്രസ്ഥാനമാക്കി മാറ്റിയത് ഗാന്ധിജിയാണ്. സാധാരണക്കാരിൽ ഒരാളായി അവരുടെ ഇടയിൽ ആയിരുന്നു ഗാന്ധിജി ജീവിച്ചത്. ലളിതമായ വസ്ത്രം ധരിച്ച്, സാധാരണക്കാരുടെ ഭാഷ സംസാരിച്ചാണ് അദ്ദേഹം ജനഹൃദയങ്ങളിലേക്ക് ചേക്കേറിയത്.

ഗാന്ധിജിക്ക് സാധാരണ ജനങ്ങൾക്കിടയിൽ ദിവ്യമായ ഒരു പരിവേഷമായിരുന്നു ഉണ്ടായിരുന്നത്. അദ്ദേഹത്തിൻറെ പേരിൽ പല അത്ഭുത കഥകളും പ്രചരിച്ചിരുന്നു. ഗാന്ധിജിയെ ഒരു രക്ഷകൻ ആയാണ് ജനങ്ങൾ കണ്ടത്. കനത്ത നികുതി ഭാരത്തിൽ നിന്നും ഉദ്യോഗസ്ഥന്മാരുടെ പീഡനങ്ങളിൽ നിന്നും ഗാന്ധിജി തങ്ങളെ രക്ഷിക്കുമെന്നും തങ്ങളുടെ അന്തസ്സും സ്വാതന്ത്ര്യവും വീണ്ടെടുത്തു തരുമെന്നും കർഷകർ വിശ്വസിച്ചു.

Edit with WPS Office

ഉപ്പുസത്യാഗ്രഹം: ഒരു വസ്തുതാപഠനം

മഹാത്മാഗാന്ധിയുടെ നേതൃത്വത്തിലാരംഭിച്ച രണ്ടാം ബഹുജന പ്രക്ഷോഭത്തിന്റെ തുടക്കം ഉപ്പുസത്യാഗ്രഹമാണ്. ഉപ്പുസത്യാഗ്രഹത്തേക്കുറിച്ച് പഠിക്കുന്നതിനു മുമ്പ് മറ്റ് രണ്ട് സംഭവ വികാസങ്ങൾ ചർച്ചാ വിധേയമാക്കേണ്ടതുണ്ട്.

<u>സൈമൺ കമ്മീഷൻ</u>

ഇന്ത്യയിൽ നടപ്പിലാക്കേണ്ട ഭരണ പരമായ പരിഷ്കാരങ്ങളെ കുറിച്ച് പഠിക്കാൻ ബ്രിട്ടീഷുകാർ നിയോഗിച്ച കമ്മീഷൻ ആയിരുന്നു സൈമൺ കമ്മീഷൻ. കമ്മീഷനിൽ ഒരൊറ്റ ഇന്ത്യാക്കാരൻ പോലും ഉണ്ടായിരുന്നില്ല. അതുകൊണ്ട് തന്നെ സൈമൺ കമ്മീഷനെ ബഹിഷ്കരിക്കാനായിരുന്നു കോൺഗ്രസിനെയും മറ്റു ഇന്ത്യൻ പാർട്ടികളുടെയും തീരുമാനം. 1928 ൽ സൈമൺ കമ്മീഷൻ ഇന്ത്യ സന്ദർശിച്ചപ്പോൾ അതിനെതിരെ അഖിലേന്ത്യാതലത്തിൽ ഒരു പ്രക്ഷോഭം സംഘടിപ്പിക്കപ്പെട്ടു. കമ്മീഷൻ സന്ദർശനം നടത്തിയ സ്ഥലങ്ങളിലെല്ലാം അവരെ എതിരേറ്റത് ഹർത്താലുകളും കരിങ്കൊടി പ്രകടനങ്ങളും ആണ്. സൈമൺ തിരിച്ചു പോവുക എന്ന മുദ്രാവാക്യം എല്ലായിടത്തും മുഴങ്ങി.

<u>ലാഹോർ സമ്മേളനം</u>.

കോൺഗ്രസ് സമ്മേളനങ്ങളുടെ ചരിത്രത്തിൽ വളരെ പ്രധാനപ്പെട്ട ഒരു സമ്മേളനമാണ് 1929 ലെ ലാഹോർ സമ്മേളനം. ജവഹർലാൽ നഹ്റുവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ഈ സമ്മേളനം ഒട്ടനവധി തീരുമാനങ്ങൾ കൈക്കൊള്ളുകയുണ്ടായി.അവയിൽ പ്രധാനപ്പെട്ടവ താഴെ പറയുന്നവയാണ്.

1. 1930 ജനുവരി 26 ഇന്ത്യയുടെ സ്വാതന്ത്ര്യ ദിനമായി ആചരിക്കുവാൻ തീരുമാനിച്ചു.

2. ഇന്ത്യൻ ത്രിവർണ്ണ പതാക ആദ്യമായി ഉയർത്തി.

3. പൂർണ്ണ സ്വരാജ് കോൺഗ്രസിന്റെ മുദ്രാവാക്യമായി മാറി.

4. ഗാന്ധിജിയുടെ നേതൃത്വത്തിൽ നിയമലംഘന പ്രസ്ഥാനം ആരംഭിക്കുവാൻ തീരുമാനിച്ചു.

<u>നിയമലംഘന പ്രസ്ഥാനം</u>

1929 ലെ ലാഹോർ കോൺഗ്രസ് സമ്മേളന തീരുമാനപ്രകാരം ബ്രിട്ടീഷുകാർക്കെതിരെ ഗാന്ധിജിയുടെ നേതൃത്വത്തിൽ ആരംഭിച്ച സമരമാണ് നിയമ ലംഘന പ്രസ്ഥാനം.ദണ്ഡിയാത്രയോടെയാണ് നിയമ ലംഘന പ്രസ്ഥാനം ആരംഭിച്ചത്. 1930 മാർച്ച് 12ന് തെരഞ്ഞെടുക്കപ്പെട്ട 78 അനുയായികളോടൊപ്പം ഗാന്ധിജി സബർമതി ആശ്രമത്തിൽ നിന്നും ഏതാണ്ട് 200 മൈൽ ദൂരെയുള്ള ദണ്ഡിയിലേക്ക് മാർച്ച് ചെയ്തു. 24 ദിവസത്തെ കാൽനടയാത്രയ്ക്കു ശേഷം അദ്ദേഹം ഗുജറാത്തിലെ കടലോര ഗ്രാമമായ ദണ്ഡിയിലെത്തി. 1930 ഏപ്രിൽ 6 ന് ഗാന്ധിജിയും അനുയായികളും ദണ്ഡി കടപ്പുറത്തു വെച്ച് ഉപ്പ് നിയമം ലംഘിച്ച് ഉപ്പുണ്ടാക്കി.

സിവിൽ നിയമലംഘന പ്രസ്ഥാനം അതിവേഗം നാടാകെ വ്യാപിച്ചു. സ്ത്രീകൾ, കർഷകർ, തൊഴിലാളികൾ, വിദ്യാർത്ഥികൾ, അഭിഭാഷകർ തുടങ്ങി വിവിധ തലങ്ങളിലുള്ള ജനവിഭാഗങ്ങൾ സമരത്തിൽ പങ്കുചേർന്നു. നിയമ ലംഘനം, നികുതി നിഷേധം, മദ്യഷാപ്പുകൾ പിക്കറ്റു ചെയ്യൽ, ഹർത്താലുകൾ തുടങ്ങിയവ രാജ്യത്തെ ഇളക്കിമറിച്ചു.

സിവിൽ നിയമലംഘന പ്രസ്ഥാനത്തെ അടിച്ചമർത്താനാണ് ബ്രിട്ടീഷുകാർ ശ്രമിച്ചത്. കോൺഗ്രസിനെ നിരോധിച്ചു.ഗാന്ധിജി ഉൾപ്പെടെ അനേകം നേതാക്കന്മാരെ അറസ്റ്റ് ചെയ്ത ജയിലിലടച്ചു. 1931 മാർച്ചിൽ, ഗാന്ധി ഇർവിൻ കരാറിനെ തുടർന്ന് സിവിൽ നിയമലംഘന പ്രസ്ഥാനം താൽക്കാലികമായി നിറുത്തി വെച്ചു.

<u>വട്ടമേശ സമ്മേളനങ്ങൾ</u>

സൈമൺ കമ്മിഷൻ റിപ്പോർട്ടിനെ അധികരിച്ച് ഇന്ത്യയിൽ നടപ്പിലാക്കേണ്ട ഭരണഘടനാ

Edit with WPS Office

പരിഷ്കാരങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ ബ്രിട്ടിഷ് ഭരണകൂടം ലണ്ടനിൽ വിളിച്ചു ചേർത്ത സമ്മേളനങ്ങളാണ് വട്ടമേശ സമ്മേളനങ്ങൾ. നിയമ ലംഘന പ്രസ്ഥാനത്തിന്റെ നാളുകളിലാണ് ഒന്നാം വട്ടമേശ സമ്മേളനം 1930 നവംബർ മാസത്തിൽ ചേർന്നത് എന്നതുകൊണ്ടുതന്നെ കോൺഗ്രസ് ഈ സമ്മേളനം ബഹിഷ്കരിച്ചു. കോൺഗ്രസിന്റെ ബഹിഷ്കരണത്തെ തുടർന്ന് ഈ സമ്മേളനം ഒരു പരാജയമായി മാറി.

ഗാന്ധി ഇർവിൻ കരാറിനെ തുടർന്ന് 1931 സപ്തംബറിൽ നടന്ന രണ്ടാം വട്ടമേശ സമ്മേളനത്തിൽ കോൺഗ്രസിനെ പ്രതിനിധീകരിച്ചു കൊണ്ട് ഗാന്ധിജി പങ്കെടുക്കുകയുണ്ടായി. പിന്നോക്ക ജനവിഭാഗങ്ങൾക്ക് പ്രത്യേക നിയോജക മണ്ഡലം എന്ന വിഷയത്തെക്കുറിച്ച് ഗാന്ധിജിയും അംബേദ്ക്കറും തമ്മിൽ അഭിപ്രായ വ്യത്യാസം രൂക്ഷമായതിനെ തുടർന്ന് രണ്ടാം വട്ടമേശ സമ്മേളനവും യാതൊരു തീരുമാനവും കൈക്കൊള്ളാതെ പിരിഞ്ഞു.

1932 നവംബറിലാണ് ബ്രിട്ടിഷ് ഗവൺമെന്റ് മൂന്നാം വട്ടമേശ സമ്മേളനങ്ങൾ വിളിച്ചു കൂട്ടിയത്. കോൺഗ്രസ് ഈ സമ്മേളനവും ബഹിഷ്കരിച്ചു. ഭാവിയിലെ ഇന്ത്യൻ ഭരണഘടനയെ സംബന്ധിച്ച ചില സാമാന്യ തത്വങ്ങൾ ഈ സമ്മേളനം രൂപപ്പെടുത്തി. ഇതിന്റെ അടിസ്ഥാനത്തിലാണ് 1935 ലെ ഇന്ത്യാ ഗവൺമെന്റ് നിയമം പാസാക്കിയത്.

1935-ലെ ഇന്ത്യ ഗവൺമെൻറ് നിയമ പ്രകാരം സ്വയംഭരണം നിലവിൽവന്നു. പ്രാദേശിക സഭകളിലേക്ക് 1937 നടന്ന തെരഞ്ഞെടുപ്പിൽ 11 ൽ 9 ഇടത്തും കോൺഗ്രസ് മന്ത്രിസഭ രൂപീകരിക്കപ്പെട്ടു കോൺഗ്രസ് പ്രാദേശിക ഭരണ സമിതികളോട് ആലോചിക്കാതെ ഇന്ത്യ രണ്ടാം ലോകമഹായുദ്ധത്തിലെ സഖ്യകക്ഷി ആണെന്ന് ബ്രിട്ടീഷ് ഭരണകൂടം പ്രഖ്യാപിച്ചതിൽ പ്രതിഷേധിച്ച് 1939 ൽ കോൺഗ്രസ് മന്ത്രിസഭ രാജിവച്ചു.

രണ്ടാം ലോകമഹായുദ്ധത്തിൽ ബ്രിട്ടീഷുകാർ പോരാടിയിരുന്നത് ഫാസിസ്റ്റ് ശക്തികൾക്കെതിരെ ആണ് എന്നതുകൊണ്ടുതന്നെ ഇന്ത്യൻ ജനതയ്ക്ക് അവരോട് സഹാനുഭൂതി ഉണ്ടായിരുന്നു എന്നാൽ അതേസമയം കോളനിവൽക്കരണത്തിന് വിധേയമാക്കപ്പെട്ട ഒരു രാജ്യം എങ്ങനെയാണ് മറ്റു രാജ്യങ്ങളുടെ സ്വാതന്ത്ര്യത്തിനു വേണ്ടി രംഗത്തിറങ്ങുക എന്ന ചോദ്യവും ഉയർന്നുവന്നു യുദ്ധാനന്തരം സ്വാതന്ത്ര്യം നൽകുന്നതിന് സമ്മർദ്ദം ചെലുത്തുക എന്ന ലക്ഷ്യത്തോടെ 1940-41 വർഷങ്ങളിൽ കോൺഗ്രസ് വ്യക്തിഗത സത്യാഗ്രഹം ആരംഭിച്ചു വ്യക്തി സത്യാഗ്രഹം അനുഷ്ഠിച്ച ആദ്യ നേതാവ് വിനോബ ഭാവെയായിരുന്നു.

1940 മാർച്ചിൽ ലാഹോറിൽ ചേർന്ന മുസ്ലിംലീഗ് സമ്മേളനം ഇന്ത്യയിലെ മുസ്ലിം ഭൂരിപക്ഷ പ്രദേശങ്ങൾക്ക് സ്വയംഭരണം അധികാരം ആവശ്യപ്പെട്ടുകൊണ്ട് ഒരു പ്രമേയം പാസാക്കി പാകിസ്ഥാൻ ഡിമാൻഡ് എന്നാണ് ഇത് അറിയപ്പെടുന്നത്

രണ്ടാം ലോകമഹായുദ്ധത്തിൽ ഏഷ്യൻ മേഖലയിൽ ജപ്പാൻ വലിയ മുന്നേറ്റം കാഴ്ച വച്ചതോടെ യുദ്ധത്തിൽ ഇന്ത്യൻ ജനതയുടെ സഹകരണം നേടുക എന്ന ലക്ഷ്യത്തോടെ 1942 ൽ സ്റ്റാഫോർഡ് ക്രിപ്സ് ഇന്ത്യയിലെത്തുകയും പ്രമുഖ നേതാക്കന്മാരുമായി ചർച്ചകൾ നടത്തുകയും ചെയ്തു യുദ്ധാനന്തരം ഇന്ത്യയ്ക്ക് പുത്രികാ രാജ്യ പദവി നൽകാമെന്ന ക്രിപ്സിന്റെ വാദം ഗാന്ധിജി തള്ളിക്കളഞ്ഞു പോസ്റ്റ് ഡേറ്റഡ് ചെക്ക് എന്നാണ് ഈ വാഗ്ദനത്തെ ഗാന്ധിജി വിശേഷിപ്പിച്ചത്.

ക്വിറ്റ് ഇന്ത്യ പ്രസ്ഥാനം

ക്രിപ്സ് ദൗത്യത്തിന്റെ പരാജയത്തെ തുടർന്നു ബ്രിട്ടീഷുകാർക്കെതിരെ ഗാന്ധിജിയുടെ നേതൃത്വത്തിൽ കോൺഗ്രസ് ആരംഭിച്ച സമരമാണ് ക്വിറ്റിന്ത്യാ സമരം. 1942 ഓഗസ്റ്റ് എട്ടിന് ബോംബെയിൽ ചേർന്ന കോൺഗ്രസ് സമ്മേളനം ആണ് ബ്രിട്ടീഷുകാർ ഇന്ത്യ വിടുക എന്ന പ്രമേയം പാസാക്കിയത്. പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക എന്ന മുദ്രാവാക്യം ഗാന്ധിജി ഇന്ത്യൻ ജനതയ്ക്ക് പകർന്നുനൽകിയത് സമര നാളുകളിലാണ്

ആഗസ്റ്റ് 9ന് സമരം ആരംഭിക്കുന്നതിനു മുമ്പേ ഗാന്ധിജിയെ അടക്കം കോൺഗ്രസിന്റെ പ്രമുഖ നേതാക്കന്മാരെല്ലാം ബ്രിട്ടീഷുകാർ അറസ്റ്റ് ചെയ്തു ജയിലിൽ അടച്ചതോടെ ഈ സമരം ഒരു നാഥനില്ലാ സമരമായി മാറി. ക്വിറ്റ് ഇന്ത്യാ പ്രമേയത്തെക്കുറിച്ചും നേതാക്കന്മാരുടെ അറസ്റ്റിനെക്കുറിച്ചും കേട്ടറിഞ്ഞ ജനങ്ങൾ സമരത്തിന് തിരികൊളുത്തി. യുവജനങ്ങൾ സമര രംഗത്തേക്ക് എടുത്തുചാടി എല്ലാ ഭാഗങ്ങളിലും

Edit with WPS Office

പ്രതിഷേധങ്ങളും പണിമുടക്കുകളും അരങ്ങേറി ബ്രിട്ടീഷ് അധികാരത്തിന്റെ ചിഹ്നങ്ങളായി ജനങ്ങൾ കരുതിയിരുന്ന പോലീസ് സ്റ്റേഷനുകൾ, പോസ്റ്റോഫീസുകൾ, റെയിൽപാതകൾ, പാലങ്ങൾ തുടങ്ങിയവയെ അവർ ആക്രമിക്കുകയും തകർക്കുകയും ചെയ്തു

ക്വിറ്റിന്ത്യാ സമരത്തെ അടിച്ചമർത്താൻ ലാത്തിച്ചാർജ്, വെടിവെപ്പ്, അറസ്റ്റുകൾ, മർദ്ദനം, തടവിലടയ്ക്കൽ, പീഡനം തുടങ്ങി എല്ലാ മാർഗ്ഗങ്ങളും ഗവൺമെൻറ് ഉപയോഗിച്ചു ഒരു വർഷത്തെ പ്രയത്നത്തിനൊടുവിലാണ് ബ്രിട്ടീഷുകാർ ഈ സമരത്തെ അടിച്ചമർത്തിയത്.

## കേരളം : ആധുനികതയിലേക്ക്

### കൊളോണിയലിസത്തിനെതിരെയുള്ള ആദ്യകാല ചെറുത്തുനിൽപ്പുകൾ

കേരളത്തിൽ ബ്രിട്ടീഷുകാർ പരമാധികാരം സ്ഥാപിച്ചതോടെ അവർക്കെതിരെ ശക്തമായ ചെറുത്തുനിൽപ്പ് പ്രസ്ഥാനങ്ങൾ ഉയർന്നുവന്നു. പഴശ്ശിരാജ, കുറിച്യർ, മലബാറിലെ മാപ്പിള കർഷകർ, വേലുത്തമ്പിദളവ, പാലിയത്തച്ചൻ എന്നിവരാണ് ഈ കലാപങ്ങൾക്ക് നേതൃത്വം നൽകിയത്.

### പഴശ്ശി കലാപം

ദക്ഷിണേന്ത്യയിൽ ബ്രിട്ടീഷുകാർക്കെതിരെ ഉയർന്നുവന്ന കലാപങ്ങളിൽ ഏറ്റവും ശക്തമായ കലാപമായിരുന്നു പഴശ്ശികലാപം. മലബാറിൽ ആധിപത്യം സ്ഥാപിച്ച ബ്രിട്ടീഷുകാരുടെ തെറ്റായ നികുതി നയം ആണ് ഈ കലാപത്തിന് വഴിയൊരുക്കിയത്. മലബാറിലെ കോട്ടയം രാജവംശത്തിൽപെട്ട പഴശ്ശിരാജയും ബ്രിട്ടീഷുകാരും തമ്മിലുള്ള ആദ്യകാല ബന്ധം സൗഹാർദ്ദപരമായിരുന്നു. ആംഗ്ലോ-മൈസൂർ യുദ്ധകാലത്ത് ബ്രിട്ടീഷുകാരെ സഹായിക്കുന്ന നിലപാടായിരുന്നു പഴശ്ശിരാജാവ് സ്വീകരിച്ചിരുന്നത്. പകരമായി നികുതി പിരിക്കാനുള്ള അവകാശം നൽകാമെന്ന് ബ്രിട്ടിഷുകാർ വാഗ്ദാനം നൽകിയിരുന്നു. യുദ്ധാനന്തരം നികുതി പിരിച്ചെടുക്കാനുള്ള അവകാശം ബ്രിട്ടിഷുകാർ തനിക്കു നൽകാതെ കുറുമ്പ്രനാട് രാജാവിനു നൽകിയതാണ് പഴശ്ശിയെ പ്രകോപിപ്പിച്ചത്.

പഴശ്ശി കലാപത്തിന് രണ്ടു ഘട്ടങ്ങളുണ്ടായിരുന്നു. 1793 മുതൽ 1797 വരെയുള്ള കാലഘട്ടമാണ് ഒന്നാം ഘട്ടം. ബ്രിട്ടീഷുകാർ ക്കുള്ള നികുതി പിരിവ് തടഞ്ഞു കൊണ്ടാണ് പഴശ്ശിരാജാവ് കലാപത്തിന് തുടക്കം കുറിച്ചത്. മുസ്ലിം, നായർ കർഷകരും ഗോത്രക്കാരായ കുറിച്ചരും കുറുമ്പ്രരും ഉൾപ്പെടുന്ന പഴശ്ശിയുടെ സൈന്യം കമ്പനിയുടെ സേനക്കെതിരെ അതി ശക്തമായ ചെറുത്തുനിൽപ്പ് നടത്തി. മൈസൂർ ഭരണാധികാരിയായ ടിപ്പു സുൽത്താൻ ബ്രിട്ടീഷുകാർക്കെതിരെ വീണ്ടും യുദ്ധം ആരംഭിച്ചതോടെ പഴശ്ശിയുമായി ബ്രിട്ടീഷുകാർ സന്ധിക്കു തയ്യാറായി. ഇതോടെ കലാപത്തിന്റെ ഒന്നാം ഘട്ടം അവസാനിച്ചു.

കലാപത്തിന്റെ രണ്ടാം ഘട്ടം ആരംഭിച്ചത് 1800 ൽ ആണ്. വയനാടിനെ ചൊല്ലിയുള്ള തർക്കമാണ് കലാപത്തിന്റെ രണ്ടാംഘട്ടത്തിന് വഴിയൊരുക്കിയത്. കുറിച്ചരുടെയും കുറുമ്പ്രരുടെയും സഹായത്തോടെ പഴശ്ശിരാജാവ് ബ്രിട്ടീഷുകാർക്കെതിരെ ശക്തമായ പോരാട്ടം നടത്തി. തലശ്ശേരിയിലെ കളക്ടറായിരുന്ന തോമസ് ഹാർവി ബേബർ കോൽക്കാർ എന്ന പ്രാദേശിക സൈന്യത്തിന്റെ സഹായത്തോടെ പഴശ്ശിരാജാവിനെ ആക്രമിച്ചു. 1805 നവംബർ 30 ന് വയനാട്ടിലെ മാവിലത്തോട് എന്ന സ്ഥലത്തുവെച്ച് നടന്ന ഏറ്റുമുട്ടലിൽ പഴശ്ശിരാജാവ് കൊല്ലപ്പെട്ടു.

### വേലുത്തമ്പിയും പാലിയത്തച്ചനും

തിരുവിതാംകൂറിലെയും കൊച്ചിയിലെയും റസിഡണ്ടായി നിയമിതനായ മെക്കാളെ അഭ്യന്തര ഭരണ കാര്യങ്ങളിൽ അനാവശ്യമായി ഇടപെടാൻ തുടങ്ങിയതാണ് ബ്രിട്ടീഷുകാർക്കെതിരെ പോരാടാൻ വേലുത്തമ്പിയേയും പാലിയത്തച്ചനേയും പ്രേരിപ്പിച്ചത്.

തിരുവിതാംകൂറിന്റെ സാമ്പത്തിക വിഷമതകൾ പരിഗണിക്കാതെ കമ്പനിക്കു നൽകുവാനുള്ള കപ്പം ഉടൻ അടച്ചു തീർക്കണമെന്ന് മെക്കാളെ വാശി പിടിച്ചു. കൂടാതെ ഭാരിച്ച നികുതി കുടിശ്ശിക വരുത്തിവെച്ച മാത്തു തരകന്റ സ്വത്ത് കണ്ടു കെട്ടാനുള്ള വേലുത്തമ്പി ദളവയുടെ ഉത്തരവ് മെക്കാളെ റദ്ദാക്കിയതും കലാപത്തിനു വഴിയൊരുക്കി. മെക്കാളെയുമായി ശത്രുത വെച്ച് പുലർത്തിയിരുന്ന കൊച്ചിയിന് പാലിയത്തച്ചനുമായി വേലുത്തമ്പി ഒരു രഹസ്യ ധാരണയിലെത്തി. മൗറീഷ്യസിലെ ഫ്രഞ്ചുകാരുടെ സഹായവും വേലുത്തമ്പി തേടുകയുണ്ടായി. വേലുത്തമ്പിയുടെയും പാലിയത്തച്ചന്റെയും സംയുക്ത സൈന്യം 1808ൽ മെക്കാളെയുടെ കൊച്ചിയിലെ വസതിക്കു നേരെ ആക്രമണം നടത്തി. പക്ഷെ ഈ ആക്രമണത്തിൽ നിന്നും മെക്കോളെ രക്ഷപ്പെട്ടു.

കലാപം നടന്നു കൊണ്ടിരിക്കെ കുണ്ടറയിലെത്തിയ വേലുത്തമ്പി അവിടെ വെച്ച് 1809 ജനുവരിയിൽ ഒരു വിളംബരം നടത്തി. ബ്രിട്ടിഷ് വിരുദ്ധ പോരാട്ടത്തിൽ ജനങ്ങളുടെ സഹായമഭ്യർത്ഥിച്ചു കൊണ്ട് നടത്തിയ ഈ വിളംബരം കുണ്ടറ വിളംബരം എന്നാണറിയപ്പെടുന്നത്.

ബ്രിട്ടിഷുകാർ ശക്തമായി തിരിച്ചടിച്ചു. അവർ കൊച്ചി അക്രമിച്ചതോടെ പാലിയത്തച്ചൻ യുദ്ധരംഗത്തു നിന്ന് പിന്മാറി.

Edit with WPS Office

ബ്രിട്ടിഷുകാരുടെ ഭീഷണിക്കു വഴങ്ങിയ തിരുവിതാംകൂർ രാജാവ് വേലുത്തമ്പിയെ സ്ഥാനഭ്രഷ്ടനാക്കുകയും ഉമ്മിണി തമ്പിയെ പുതിയ ദളവയായി നിയമിക്കുകയും ചെയ്തു. പുതിയ ദളവ വേലുത്തമ്പിയെ പിടികൂടാൻ ഉത്തരവിട്ടു. വേലുത്തമ്പി മണ്ണടിയിലെ ഒരു വീട്ടിൽ അഭയം പ്രാപിച്ചു.തിരുവിതാംകൂർ, ബ്രിട്ടിഷ് സേനകൾ വീടു വളഞ്ഞപ്പോൾ അദ്ദേഹം ആത്മഹത്യ ചെയ്തു.

<u>കുറിച്യ കലാപം</u>

1812 ൽ വയനാട്ടിലെ ഗോത്ര വർഗ്ഗമായ കുറിച്യരും കുറുമ്പ്രരും രാമനമ്പിയുടെ നേതൃത്വത്തിൽ ബ്രിട്ടീഷുകാർക്കെതിരെ ശക്തമായ പോരാട്ടം ആരംഭിച്ചു. ഗോത്രവർഗ്ഗക്കാരുടെ പരമ്പരാഗത കൃഷി രീതിയായ വെട്ടി ചുട്ടു കൃഷി കാടുകളിൽ നടത്താൻ അനുവദിക്കാതിരുന്നതും ബ്രിട്ടീഷുകാർക്ക് നൽകേണ്ട നികുതി സാധനങ്ങളായി നൽകുക എന്നതിനുപകരം പണമായി തന്നെ നൽകണമെന്ന് വാശിപിടിച്ചതും ആണ് ഈ കലാപത്തിന്റെ കാരണം.

<u>മാപ്പിള ലഹളകൾ</u>

പത്തൊമ്പതാം നൂറ്റാണ്ടിൽ മലബാറിൽ രക്തരൂക്ഷിതമായ കലാപങ്ങളുടെ ഒരു പരമ്പര തന്നെ ഉണ്ടായിരുന്നു ഇവയെ മാപ്പിള ലഹളകൾ എന്നാണ് വിളിക്കുന്നത് . 1836 നും1853 നും മധ്യേ ഏകദേശം അമ്പതോളം കലാപങ്ങൾ തെക്കെ മലബാറിൽ നടക്കുകയുണ്ടായി. ഈ കലാപങ്ങളെ കുറിച്ച് പഠിക്കാൻ നിയോഗിക്കപ്പെട്ട വില്ല്യം ലോഗന്റെ അഭിപ്രായത്തിൽ ഈ കലാപത്തിന്റെ അടിസ്ഥാനകാരണം കാർഷിക മേഖലയിലെ പ്രശ്നങ്ങളും ദാരിദ്ര്യവും ആണ്. ഈ കലാപങ്ങളുടെ ഒരു തുടർച്ചയെന്നോണം ആണ് 1921ലെ കലാപം അരങ്ങേറിയത് അത്.

<u>**19, 20** നൂറ്റാണ്ടുകളിലെ സാമൂഹ്യ മത നവീകരണ പ്രസ്ഥാനങ്ങൾ</u>

പത്തൊമ്പതാം നൂറ്റാണ്ടിലെ കേരള സമൂഹത്തിൽ മതപരമായ ധാരാളം അന്ധവിശ്വാസങ്ങളും അനാചാരങ്ങളും സാമൂഹ്യമായ ഉച്ചനീചത്വങ്ങളും നിലനിന്നിരുന്നു. ഇതിനെതിരെ അതിശക്തമായ സാമൂഹ്യ പരിഷ്കരണ പ്രവർത്തനങ്ങൾ കേരളത്തിൽ അരങ്ങേറുകയുണ്ടായി. ഇത്തരം സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങൾക്ക് നേതൃത്വം കൊടുത്ത പ്രമുഖ വ്യക്തിത്വങ്ങൾ താഴെ പറയുന്നവരാണ്

<u>വൈകുണ്ഠസ്വാമികൾ</u>

സാമൂഹ്യ പരിഷ്കരണം ലക്ഷ്യമാക്കി വൈകുണ്ഠസ്വാമികൾ രൂപീകരിച്ച പ്രസ്ഥാനമാണ് സമത്വസമാജം. തന്റെ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനായി അദ്ദേഹം രചിച്ച പുസ്തകങ്ങൾ ആണ് അഖില തിരിട്ട്, അരുൽ നൂൽ എന്നിവ. ദക്ഷിണേന്ത്യയിൽ ആദ്യമായി കണ്ണാടി പ്രതിഷ്ഠ നടത്തിയത് അദ്ദേഹമാണ്. എല്ലാ തരം വിവേചനങ്ങളെയും എതിർത്ത അദ്ദേഹം സാമൂഹ്യ സമത്വത്തിനു വേണ്ടി നിലകൊണ്ടു.

<u>ശ്രീ നാരായണ ഗുരു</u>

സാമൂഹ്യ പരിഷ്കരണം ലക്ഷ്യമാക്കി ശ്രീ നാരായണ ഗുരു സ്ഥാപിച്ച പ്രസ്ഥാനമാണ് ശ്രീ നാരായണ ധർമ്മ പരിപാലന യോഗം. തൻറെ ആശയ പ്രചാരണത്തിനായി അദ്ദേഹം രചിച്ച പുസ്തകങ്ങളാണ് ആത്മോപദേശശതകം, ദൈവദശകം, ദർശനമാല, ശിവശതകം, നവമഞ്ജരി തുടങ്ങിയവ. അന്ധവിശ്വാസങ്ങൾ, ജാതി വിവേചനങ്ങൾ എന്നിവ അവസാനിപ്പിക്കുന്നതിനു വേണ്ടി അദ്ദേഹം നിലകൊണ്ടു. 1888 ൽ അരുവിപ്പുറത്ത് ശിവപ്രതിഷ്ഠ നടത്തി അദ്ദേഹം കേരളത്തെ ഞെട്ടിച്ചു. ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന് എന്ന പ്രസിദ്ധ വാക്യം ഉയർത്തിയതും അദ്ദേഹമാണ്.

<u>ചട്ടമ്പിസ്വാമികൾ</u>

ജാതി, യുക്തിരഹിതമായ സാമൂഹ്യ അനുഷ്ഠാനങ്ങൾ, വേദ പഠനത്തിലുള്ള ബ്രാഹ്മണ കുത്തക എന്നിവ എതിർത്ത ചട്ടമ്പിസ്വാമികൾ മലയാളഭാഷ രംഗത്തും അമൂല്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്. പ്രാചീനമലയാളം, ആദിഭാഷ, വേദാധികാരനിരൂപണം എന്നിവയാണ് അദ്ദേഹത്തിൻറെ പ്രധാന കൃതികൾ.

<u>അയ്യങ്കാളി</u>

പിന്നോക്ക ജാതികളിൽ പെട്ടവർക്ക് പൊതുവഴികൾ തുറന്നു കിട്ടുന്നതിനും വിദ്യാഭ്യാസം ഉൾപ്പെടെയുള്ള പൗരാവകാശങ്ങൾ ലഭിക്കുന്നതിനും വേണ്ടി ശക്തമായി പോരാടിയ സാമൂഹ്യ പരിഷ്കർത്താവാണ് അയ്യങ്കാളി. താഴ്ന്ന ജാതിയിൽപ്പെട്ടവരുടെ വസ്ത്രധാരണ രീതിയിലുള്ള നിയന്ത്രണങ്ങൾക്കെതിരെ കല്ലുമാല സമരം സംഘടിപ്പിച്ചു. ആശയ പ്രചരണത്തിനായി അദ്ദേഹം സ്ഥാപിച്ച സംഘടനയാണ് സാധുജനപരിപാലനസംഘം.

<u>വക്കം അബ്ദുൽ ഖാദർ മൗലവി</u>

കേരളത്തിലെ മുസ്ലിം ആധുനിക വൽക്കരണത്തിന്റെ ശില്പിയാണ് വക്കം അബ്ദുൽ ഖാദർ മൗലവി. അദ്ദേഹം സ്ഥാപിച്ച സംഘടനയാണ് തിരുവിതാംകൂർ മുസ്ലിം മഹാസഭ. ആശയ പ്രചാരണത്തിനായി അദ്ദേഹം പ്രസിദ്ധീകരിച്ച പ്രസിദ്ധീകരണങ്ങളാണ് ആണ് സ്വദേശാഭിമാനി, അൽ ഇസ്ലാം എന്നിവ. മുസ്ലീങ്ങളോട് പാശ്ചാത്യവിദ്യാഭ്യാസം സ്വീകരിക്കുവാനും

Edit with WPS Office

www.rrvgirls.com

പുരോഗമന പ്രസ്ഥാനങ്ങളിൽ പങ്കെടുക്കുവാനും അദ്ദേഹം ആവശ്യപ്പെട്ടു.

<u>വാഗ്ഭടാനന്ദൻ</u>

ആത്മവിദ്യാ സംഘത്തിന്റെ സ്ഥാപകനാണ് വാഗ്ഭടാനന്ദൻ. അഭിനവകേരളം, ആത്മവിദ്യാകാഹളം എന്നിവയാണ് അദ്ദേഹത്തിൻറെ പ്രധാന പ്രസിദ്ധീകരണങ്ങൾ. താഴ്ന്ന ജാതിക്കാർക്ക് ക്ഷേത്രപ്രവേശന അവകാശത്തിനു വേണ്ടി നിലകൊണ്ട അദ്ദേഹം, ദുർബലവിഭാഗങ്ങളുടെ സാമ്പത്തിക പുരോഗതിയിൽ താൽപര്യം പ്രകടിപ്പിച്ചു. ജാതി വിഗ്രഹാരാധന എന്നിവ എതിർത്ത അദ്ദേഹം യുക്തി ചിന്ത, വിമർശന ചിന്ത എന്നിവയെ പ്രോത്സാഹിപ്പിച്ചു.

<u>മാർ കുര്യാക്കോസ് ഏലിയാസ് ചവറ</u>

വിദ്യാഭ്യാസ രംഗത്ത് ഒട്ടേറെ സംഭാവനകൾ നൽകിയ സാമൂഹ്യപരിഷ്കർത്താവാണ് മാർ കുര്യാക്കോസ് ഏലിയാസ് ചവറ. ആത്മാനുതാപം, ഇടയ നാടകങ്ങൾ, ധ്യാന സല്ലാപങ്ങൾ എന്നിവയാണ് അദ്ദേഹത്തിൻറെ പ്രധാന പ്രസിദ്ധീകരണങ്ങൾ. സംസ്കൃത വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിച്ച അദ്ദേഹം, മന്നാനത്ത് ഒരു സംസ്കൃത സ്കൂൾ ആരംഭിച്ചു. വൃദ്ധർക്കും ദരിദ്രർക്കുമായി അനാഥശാലകളും അദ്ദേഹം സ്ഥാപിക്കുകയുണ്ടായി.

<u>വീ ടി ഭട്ടതിരിപ്പാട്</u>

നമ്പൂതിരി സ്ത്രീകളും വിധവകളും സമുദായത്തിനകത്ത് അനുഭവിച്ചുകൊണ്ടിരിക്കുന്ന അപമാനത്തിനും ഒറ്റപ്പെടലിനെ തിരെ ശക്തമായി പോരാടിയ സാമൂഹ്യപരിഷ്കർത്താവാണ് വി ടി ഭട്ടതിരിപ്പാട്. സ്ത്രീധന സമ്പ്രദായം ശൈശവവിവാഹം എന്നിവയെ അദ്ദേഹം ശക്തമായി എതിർത്തു. അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് എന്ന നാടകത്തിന്റെ രചയിതാവു കൂടിയാണദ്ദേഹം.

<u>ഒരു ജനാധിപത്യ സമൂഹത്തിനു വേണ്ടിയുള്ള പോരാട്ടം</u>

കേരളീയ സമൂഹത്തിൽ ഒട്ടനവധി അനാചാരങ്ങളും അന്ധവിശ്വാസങ്ങളും സാമൂഹിക തിന്മകളും നിലനിന്നിരുന്നു. അവർക്കെതിരെ ശക്തമായ സമരങ്ങളാണ് പത്തൊമ്പതാം നൂറ്റാണ്ടിലെ രണ്ടാം പകുതിയിലും ഇരുപതാംനൂറ്റാണ്ടി ഒന്നാം പകുതിയിലും ഉയർന്നു വന്നത്.

ചാന്നാർ സമുദായത്തിൽപെട്ട സ്ത്രീകൾക്ക് മേൽമുണ്ട് ധരിക്കാനുള്ള അവകാശത്തിനുവേണ്ടി നടന്ന സമരമായിരുന്നു ചാന്നാർ ലഹള. ഈ പ്രക്ഷോഭം അരങ്ങേറിയത് തെക്കെ തിരുവിതാംകൂറിലാണ്. ക്രിസ്തു മതത്തിൽ ചേർന്ന് ആന ചാന്നാർ സ്ത്രീകൾക്ക് കുപ്പായം ധരിക്കാൻ അനുവദിച്ചുകൊണ്ടുള്ള ഒരു ഉത്തരവ് കേണൽ മൺറോ പുറപ്പെടുവിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ പൊതുവിടങ്ങളിൽ കുപ്പായം ധരിച്ച് പ്രത്യക്ഷപ്പെട്ട സ്ത്രീകളെ സവർണ്ണ ഹിന്ദുക്കൾ ആക്രമിച്ചു. ചാന്നാർ സ്ത്രീകൾ പ്രത്യാക്രമണവും നടത്തി. തുടർന്ന് 1859 ജൂലായ് 26ന് വസ്ത്രധാരണത്തിലുള്ള എല്ലാ നിയന്ത്രണങ്ങളും നീക്കി ഗവൺമെൻറ് ഒരു രാജകീയ വിളംബരം പുറത്തിറക്കി.

<u>വൈക്കം സത്യാഗ്രഹം **(1924, 1925)**</u>

അയിത്തത്തിനെതിരെ കേരളത്തിൽ ഉയർന്നുവന്ന ആദ്യത്തെ പ്രധാന സമരമാണ് വൈക്കം സത്യാഗ്രഹം. വൈക്കം ക്ഷേത്രത്തിനു സമീപത്തുള്ള റോഡുകളിലൂടെ അവർണ്ണർക്കു കൂടി സഞ്ചാര സ്വാതന്ത്ര്യം അനുവദിച്ചു കിട്ടുന്നതിനു വേണ്ടിയാണ് ഈ സത്യാഗ്രഹം സംഘടിപ്പിച്ചത്. ടി. കെ. മാധവൻ, മന്നത്ത് പത്മനാഭൻ, സി. വി. കുഞ്ഞിരാമൻ, കെ. പി. കേശവമേനോൻ തുടങ്ങിയവരാണ് ഈ സത്യാഗ്രഹത്തിന് നേതൃത്വം നൽകിയത്. ഈ സത്യാഗ്രഹത്തെ പിന്തുണച്ചുകൊണ്ട് മന്നത്ത് പത്മനാഭന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ട ജാഥയാണ് സവർണജാഥ എന്ന് അറിയപ്പെടുന്നത്. ഒടുവിൽ ഗാന്ധിജിയുടെ ഇടപെടലിനെ തുടർന്ന് ഇന്ന് ഈ സമരം വിജയകരമായി അവസാനിച്ചു. ക്ഷേത്രത്തിനു സമീപമുള്ള റോഡുകൾ ജാതി വ്യത്യാസമന്യേ എല്ലാ ഹിന്ദുക്കൾക്കും തുറന്നു കൊടുത്തുകൊണ്ട് ഗവൺമെൻറ് ഒരു ഉത്തരവ് പുറത്തിറക്കി.

<u>ഗുരുവായൂർ സത്യാഗ്രഹം **(1931,1932)**</u>

അയിത്തത്തിനെതിരെ കേരളത്തിൽ നടന്ന സമരങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട സമരമാണ് ഗുരുവായൂർ സത്യാഗ്രഹം. ഗുരുവായൂർ ക്ഷേത്രം എല്ലാ ഹിന്ദുക്കൾക്കുമായി തുറന്നു കൊടുക്കണമെന്ന് ആവശ്യപ്പെട്ടാണ് ഈ സമരം ആരംഭിച്ചത്. 1931 നവംബർ ഒന്നിനാണ് ഗുരുവായൂർ സത്യാഗ്രഹം ആരംഭിച്ചത് കെ. കേളപ്പൻ, മന്നത്ത് പത്മനാഭൻ, എ. കെ. ഗോപാലൻ, പി. കൃഷ്ണപിള്ള തുടങ്ങിയവരാണ് ഈ സമരത്തിന് നേതൃത്വം നൽകിയത്. ക്ഷേത്രത്തിനു മുന്നിൽ കെ.കേളപ്പൻ ഒരു അനിശ്ചിതകാല നിരാഹാരം ആരംഭിച്ചു. ഗാന്ധിജിയുടെ ഉപദേശപ്രകാരം 1932 ഒക്ടോബർ രണ്ടാം തീയതി തീയതി ഗുരുവായൂർ സത്യാഗ്രഹം അവസാനിപ്പിച്ചു. ക്ഷേത്ര പ്രവേശനത്തെ കുറിച്ചുള്ള പൊതു ജനങ്ങളുടെ അഭിപ്രായം അറിയാൻ പൊന്നാനി താലൂക്കിലെ ഹിന്ദുക്കൾക്കിടയിൽ ഒരു ജനഹിത പരിശോധന നടത്തി. ജനങ്ങളിൽ ഭൂരിഭാഗവും അവർണ്ണരുടെ ക്ഷേത്ര പ്രവേശനത്തെ അനുകൂലിച്ചു. അടിയന്തര ലക്ഷ്യം നേടുന്നതിൽ ഗുരുവായൂർ സത്യാഗ്രഹം പരാജയപ്പെട്ടുവെങ്കിലും ക്ഷേത്രപ്രവേശനത്തിന് അനുകൂലമായ കാലാവസ്ഥയും അഭിപ്രായവും സൃഷ്ടിക്കുന്നതിന് അത്സഹായകരമായി.

Edit with WPS Office

<u>ക്ഷേത്രപ്രവേശന വിളംബരം</u>

1936 നവംബർ 12ന് തിരുവിതാംകൂർ മഹാരാജാവ് ശ്രീ ചിത്തിര തിരുനാൾ ബാലരാമവർമ്മ ക്ഷേത്രപ്രവേശന വിളംബരം പ്രഖ്യാപിച്ചു. ഇതുപ്രകാരം തിരുവിതാംകൂറിലെ എല്ലാ ക്ഷേത്രങ്ങളും ജാതിഭേദമന്യേ എല്ലാ ഹിന്ദുക്കൾക്കും തുറന്നു കൊടുത്തു. ആധുനിക കാലത്തെ മഹാത്ഭുതം എന്നാണ് ഈ വിളംബരത്തെ ഗാന്ധിജി വിശേഷിപ്പിച്ചത്.

<u>പാലിയം സത്യാഗ്രഹം **(1947, 1948)**</u>

പാലിയത്തെ പൊതു വഴികളിലൂടെ പിന്നോക്ക ജാതിക്കാർക്ക് സഞ്ചാരസ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടിരുന്നു. പിന്നോക്ക ജാതിയിൽ പെട്ടവർക്ക് സഞ്ചാര സ്വാതന്ത്ര്യം എന്ന മുദ്രാവാക്യം ഉയർത്തി നടന്ന ഈ സമരത്തിന്റെ നേതൃത്വത്തിൽ ഉണ്ടായിരുന്നത് കൊച്ചിൻ സ്റ്റേറ്റ് പ്രജാമണ്ഡലം, കമ്മ്യൂണിസ്റ്റ് പാർട്ടി, എസ്.എൻ.ഡി.പി യോഗം തുടങ്ങിയ സംഘടനകളാണ്. സി. കേശവന്റെ നേതൃത്വത്തിൽ ആരംഭിച്ച ഈ സമരത്തെ അടിച്ചമർത്താൻ ഭരണകൂടം ഏറെ ശ്രമിച്ചെങ്കിലും അതു പരാജയപ്പെടുകയും, പാലിയത്തെ റോഡുകളിലൂടെ സഞ്ചരിക്കാൻ മുഴുവനാളുകൾക്കും അനുവാദം നൽകിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കാൻ ഭരണകൂടം നിർബന്ധിതരാവുകയും ചെയ്തു.

സുരേഷ്.കെ.ടി.

www.rrvgirls.com